I ഇ.ബി. XIV - കേരള നിയമസഭ /V-20

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മേയ് 24, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### I തിരുത്തിയ ഉത്തരം

05-05-2017 -ലെ നക്ഷത്രചിഹ്നമിടാത്ത 2206-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 05.05.2017-ലെ നക്ഷത്രചിഹ്നമിടാത്ത 2206-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം തൊഴിലും എക്സൈസും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

ഉന്നത ഉദ്യോഗസ്ഥർക്കിടയിലെ അഭിപ്രായ വ്യത്യാസങ്ങൾ

മി. സ്പീക്കർ: സംസ്ഥാനത്തെ മുതിർന്ന ഉദ്യോഗസ്ഥർ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ രൂക്ഷമാകുന്നതിന്റെ ഭാഗമായി കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ഡയറക്ടറും തമ്മിൽ പരസ്യമായ ആരോപണങ്ങളും വെല്ലുവിളികളും ഉണ്ടാകുന്നതുമൂലം വകുപ്പിന്റെ പ്രവർത്തനത്തെ ബാധിച്ചിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): രണ്ട് ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിൽ കഴിഞ്ഞ ദിവസം ഉണ്ടായെന്ന് പറയപ്പെടുന്ന അഭിപ്രായ വ്യത്യാസത്തെ പൊതുവൽക്കരിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിലും കൃഷി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർക്കിടയിലുമുള്ള അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കാനും ഭരണ രംഗത്തെ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാനും സർക്കാരിന് സാധിക്കും. കൃഷി വകുപ്പിലുണ്ടായ വിഷയം സംബന്ധിച്ച് സെക്രട്ടറിയോടും ഡയറക്ടറോടും വിശദീകരണം തേടുമെന്നും ഇത് സർക്കാരിന്റെ പ്രവർത്തനത്തെ ബാധിക്കില്ലെന്നും

കൃഷി വകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. സിവിൽ സർവ്വീസിലെ ഉന്നത ഉദ്യോഗസ്ഥർക്കിടയിൽ ഗൗരവതരമായ അഭിപ്രായ വ്യത്യാസങ്ങളൊന്നും നിലനിൽക്കുന്നില്ല. ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിൽ അസംതൃപ്തി സൃഷ്ടിക്കാൻ ചിലർ ശ്രമിച്ചിട്ടുണ്ടെങ്കിലും അതിനെ മറികടക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. അഴിമതിയും കെടുകാര്യസ്ഥതയും ഇല്ലാതാക്കാനുള്ള നടപടികളും കൂടുതൽ കഴിവുള്ളവരെ ഐ.എ.എസ്. ഉദ്യോഗസ്ഥ തലത്തിലേയ്ക്ക് നിയമിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ജനപക്ഷ വികസന ക്ഷേമപ്രവർത്തനങ്ങൾ കൂട്ടായി നടപ്പാക്കാനുള്ള ഉത്തരവാദിത്തമാണ് സർക്കാർ ഉദ്യോഗസ്ഥർക്കുള്ളത്. അഴിമതിരഹിതവും കാര്യക്ഷമവുമായ സിവിൽ സർവ്വീസാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ശ്രീ. വി. ഡി. സതീശൻ : രണ്ട് ഐ.എ.എസ്. ഉദ്യോഗസ്ഥർ തമ്മിലുള്ള പ്രശ്നം പ്രതിപക്ഷം പൊതുവത്ക്കരിച്ചുവെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. സംസ്ഥാനത്തെ ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർക്കിടയിൽ കഴിഞ്ഞ ഏഴ് മാസമായി തുടരുന്ന തർക്കം സർക്കാരിന്റെ മുഖച്ഛായ വികൃതമാക്കിയിരിക്കുകയാണ്. കേരളപ്പിറവിക്കുശേഷം ഐ.എ.എസ്./ ഐ.പി.എസ്. ഉദ്യോഗസ്ഥർ തമ്മിലടിച്ച ചരിത്രമുണ്ടായിട്ടില്ല. ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറിമാർ, മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർ,

അഡീഷണൽ ഡി.ജി.പി.-മാർ, മുതിർന്ന ഐ.പി.എസ്. ഉദ്യോഗസ്ഥർ എന്നിവർക്കെതിരായി പരാതികളുടെ പ്രളയമാണെന്ന് മാത്രമല്ല ഭരണ സിരാകേന്ദ്രമായ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇതുപോലെ പ്രശ്നങ്ങളാണ്. കഴിഞ്ഞ ദിവസം പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ഡി.ജി.പി.-യും അഡീഷണൽ ഡി.ജി.പി.-യും തമ്മിൽ തർക്കമുണ്ടായെന്ന വാർത്ത വന്നെങ്കിലും ഇതിനൊന്നും പരിഹാരം കാണാൻ സർക്കാരിന് സാധിക്കുന്നില്ല. കൃഷി വകുപ്പിലെ പ്രധാനപ്പെട്ട ഏജൻസികളുടെ ചുമതല വഹിക്കുന്ന ശ്രീ. ബിജു പ്രഭാകർ, ഐ.എ.എസ്.-നെതിരായി പ്രിൻസിപ്പൽ സെക്രട്ടറിയും അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറുമായ ശ്രീ. രാജു നാരായണസ്വാമി മന:പൂർവ്വം വിജിലൻസ് കേസ്സുണ്ടാക്കുന്നുവെന്ന കാരണത്താൽ അദ്ദേഹം ലീവെടുക്കാൻ പോകുകയാണ്. ഒരു വർഷം രണ്ടായിരം കോടി രൂപയുടെ പ്രോജക്ടുള്ള മേഖലകളാണ് അദ്ദേഹം കൈകാര്യം ചെയ്യുന്നതെന്നതിനാൽ ഇതുസംബന്ധിച്ച് അന്വേഷിക്കണം. കൃഷി വകുപ്പിനെതിരായി അഴിമതിയാരോപണം ഉന്നയിച്ചത് അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറാണ്. 07.07.2016-ന് ഹോർട്ടികോർപ്പിന്റെ ആനയറയിലെ ജില്ലാ സംഭരണ കേന്ദ്രത്തിൽ വിഷ പച്ചക്കറി കാണാനിടയായ സാഹചര്യത്തിൽ ഹോർട്ടികോർപ്പിന്റെ എം.ഡി.-യേയും രണ്ട് പ്രധാനപ്പെട്ട ഉദ്യോഗസ്ഥരെയും വകുപ്പുമന്ത്രി ഉടൻതന്നെ സസ്പെന്റ് ചെയ്തത് നല്ല കാര്യമാണ്.

ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചശേഷവും കർണ്ണാടകയിൽനിന്നും ചാല കമ്പോളത്തിൽനിന്നും പച്ചക്കറി വാങ്ങി വിതരണം ചെയ്യുന്നത് സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെടുമെന്ന് മന്ത്രി പറഞ്ഞിരുന്നുവെങ്കിലും ഒരു നടപടിയും എടുത്തിട്ടില്ല. സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥനായ ശ്രീ. രാജു നാരായണസ്വാമി എക്സിക്യൂട്ടീവ് ചെയർമാനും ശ്രീ. ബിജു പ്രഭാകർ ഐ.എ.എസ്. മാനേജിംഗ് ഡയറക്ടറുമായിരിക്കുന്ന ഒരു സ്ഥാപനത്തെക്കുറിച്ച് മേയ് 17-ാം തീയതി വന്ന വാർത്തയെ സംബന്ധിച്ച് 24 മണിക്കൂറിനകം റിപ്പോർട്ട് വേണമെന്ന് ആവശ്യപ്പെട്ടിട്ട് ഒരാഴ്ചയിൽ കൂടുതലായിട്ടും ലഭിച്ചിട്ടില്ല. ഉദ്യോഗസ്ഥർ തമ്മിലുള്ള തർക്കം വകുപ്പിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരെ നിലയ്ക്ക് നിർത്തുമെന്ന് പറഞ്ഞ മുഖ്യമന്ത്രി ഇതിൽ ഇടപെടാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അടിയന്തര പ്രമേയവുമായി ബന്ധമില്ലാത്ത കാര്യങ്ങൾ സഭയിൽ ഉന്നയിക്കാൻ പാടില്ല. ഐ.എ.എസ്.-ഐ.പി.എസ്. ഉദ്യോഗസ്ഥർക്കിടയിലെ അഭിപ്രായ വ്യത്യാസം സംസ്ഥാനത്തെ ഭരണനടപടിക്രമങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടില്ല. സെക്രട്ടേറിയറ്റിലെ ഭരണ നടപടിക്രമങ്ങൾ നല്ല രീതിയിൽ നടന്നുവരുന്നു. ഇക്കാര്യത്തിൽ കൃഷി വകുപ്പുമന്ത്രി

ഇടപെട്ട് രണ്ട് ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം വാങ്ങുകയും മേലിൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള കരുതൽ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): രണ്ട് ഉദ്യോഗസ്ഥർ തമ്മിലുള്ള അഭിപ്രായ വ്യത്യാസവും വ്യക്തിപരമായ ആക്ഷേപങ്ങളും കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമായിരിക്കും. തർക്കത്തിന്റെ പേരിൽ കൃഷി വകുപ്പിന്റെ പ്രവർത്തനത്തിന് തടസ്സമുണ്ടാക്കാത്ത നിലയിൽ മുന്നോട്ടുപോകുമെന്ന കാര്യം സഭയ്ക്ക് ഉറപ്പുനൽകുന്നു. വ്യവസായ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ഭാര്യ കൃഷി വകുപ്പിൽ അഡീഷണൽ ഡയറക്ടറായി ജോലി ചെയ്യുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഹോർട്ടികോർപ്പ് തമിഴ്നാട്ടിൽനിന്നും പച്ചക്കറി വാങ്ങിയതിലുണ്ടായ ക്രമക്കേട് ഗവൺമെന്റ് ഗൗരവമായി എടുത്തിട്ടുണ്ട്. ഹോർട്ടികോർപ്പും കൃഷി വകുപ്പും വി.എഫ്.പി.സി.കെ.-യും സഹകരിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പലയിടത്തും ചാർജ് കൊടുത്ത് സ്ട്രീംലൈൻ ചെയ്തുകൊണ്ടിരിക്കുന്ന നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. തമിഴ്നാട്ടിൽനിന്നും പച്ചക്കറി വാങ്ങില്ലെന്ന് തീരുമാനിച്ചിട്ടില്ല. 87 ഇനം പച്ചക്കറികൾ ഹോർട്ടികോർപ്പിന് ആവശ്യമായിരിക്കെ

സഫിഷ്യന്റായി കൃഷി ചെയ്യുന്ന 13 ഇനം പച്ചക്കറി മാത്രമേ കേരളത്തിലുള്ളൂ. പച്ചക്കറികൾ കൃഷി വകുപ്പ് മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് വാങ്ങുന്നത്. നാല് ഉദ്യോഗസ്ഥരടങ്ങിയ കമ്മിറ്റിയാണ് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഏത് പച്ചക്കറികൾ വാങ്ങണമെന്ന് തീരുമാനിക്കുന്നത്. കർഷക സംഘടനകളിൽനിന്നും സൊസൈറ്റിയിൽനിന്നുമുള്ള പച്ചക്കറികൾ വാങ്ങണമെന്ന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് റൈറ്റ് മിത്രയിൽ നിന്നും പച്ചക്കറി വാങ്ങിയത്. ഇതൊരു വ്യക്തിയുടെ സ്ഥാപനമല്ല. സാധാരണ നിലയിലുള്ള പ്രൊസീഡ്യർ അനുസരിച്ചാണ് പച്ചക്കറി വാങ്ങിയിരിക്കുന്നത്. ആരെയും സ്വാധീനിക്കുന്ന പ്രവർത്തനം ഇവിടെ നടത്തിയിട്ടില്ല. ഉദ്യോഗസ്ഥർക്ക് പ്രവർത്തന സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. അത് ദുരുപയോഗപ്പെടുത്തുകയോ ബിസിനസ്സ് റൂൾസിന് വിരുദ്ധമായി പെരുമാറുകയോ ചെയ്താൽ ഗവൺമെന്റ് അക്കാര്യം ഗൗരവമായി കാണുന്നതാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. എം. മാണി, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോയി. ശ്രീ. ഒ. രാജഗോപാലും പ്രസ്താവന നടത്തിയശേഷം സഭവിട്ട്

പുറത്തുപോയി.

പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം തിരികെ ഹാജരായി.)

## III ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ആസ്തികൾ

ശ്രീ. ആർ. രാമചന്ദ്രൻ : സംസ്ഥാനത്തെ പ്രധാന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ആസ്തികൾ ബഹുരാഷ്ട്ര സ്വകാര്യ കമ്പനികൾക്ക് വിറ്റഴിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തിലൂടെ കോടിക്കണക്കിന് രൂപ വിലവരുന്ന സർക്കാർ ഭൂമി തുച്ഛമായ വിലയ്ക്ക് കൈമാറ്റം ചെയ്യപ്പെടുകയാണ്. കാലാന്തരത്തിൽ കോടതി വിധികളുടെയും മറ്റും സഹായത്തോടെ പ്രസ്തുത ഭൂമി വ്യവസായേതര പ്രവർത്തനങ്ങൾക്ക് കൈമാറ്റം ചെയ്യുന്നതിനും അതുവഴി അമിത ലാഭമുണ്ടാക്കുന്നതിനും അവസരം ലഭിക്കും. സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുംവേണ്ടി പൊന്നുംവിലയ്ക്കെടുത്ത് വ്യവസായ സ്ഥാപനങ്ങൾക്ക് നൽകിയ ഭൂമി ബഹുരാഷ്ട്ര കുത്തകകൾക്ക് കൈമാറുന്നതിന് അവസരമൊരുക്കുന്ന നടപടിയിൽ നിന്നും പിൻമാറുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി.

മൊയ്തീൻ) : കേന്ദ്ര സർക്കാരിന്റെ സ്വകാര്യവൽക്കരണ നയത്തിന്റെ ഭാഗമായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. ഇത് പ്രതികൂലമായി ബാധിക്കുന്നത് കേരളത്തെയാണ്. ഫാക്ട് സ്വകാര്യവൽക്കരിക്കാനും ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ്, ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡ് തുടങ്ങിയവ അടച്ചുപൂട്ടാനും കാസർഗോഡുള്ള ബി.എച്ച്.ഇ.എൽ.-ഇ.എം.എൽ. എന്ന സംയുക്തസംരംഭത്തിൽ നിന്നും ബി.എച്ച്.ഇ.എൽ. പിൻമാറാനും തീരുമാനിച്ചിട്ടുണ്ട്. എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിൽ തൊഴിലാളികളുടെ എണ്ണം വെട്ടിക്കുറയ്ക്കുകയും ഇറക്കുമതിച്ചുങ്കം പിൻവലിച്ചതിലൂടെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് കടുത്ത പ്രതിസന്ധിയിലാകുകയും ചെയ്തു. അസംസ്കൃത വസ്തുക്കളുടെ കുറവ് നിമിത്തം ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ഉത്പാദനം നിർത്തിവച്ചിരിക്കുകയാണ്. സംസ്ഥാനത്തിന്റെ താല്പര്യം കണക്കിലെടുത്ത് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പാലക്കാട് ബി.ഇ.എം.എൽ.-ഉം സ്വകാര്യവൽക്കരണത്തിന്റെ ഭീഷണിയിലാണ്. ഇതിനെതിരെ യോജിച്ച ചെറുത്തുനിൽപ്പ് ആവശ്യമാണ്. ഇത്തരം സ്ഥാപനങ്ങളെ

പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കണമെന്ന് സർക്കാരും സംസ്ഥാനത്തുനിന്നുള്ള പാർലമെന്റ് അംഗങ്ങളും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) സർക്കാർ ആശുപത്രികളിലും ഫാർമസികളിലും അഴിമതി

ശ്രീ. പി. കെ. ബഷീർ : സർക്കാർ ആശുപത്രികളിലും ഫാർമസികളിലും ഗുണനിലവാരമില്ലാത്തതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ വിതരണം ചെയ്തുവരികയാണ്. മിക്ക ആശുപത്രികളിലും ഡ്യൂട്ടി നഴ്സ് റൂമുകളിൽ ഇവ സൂക്ഷിക്കുന്നതായും സ്റ്റോക്ക് രജിസ്റ്ററുകളിൽ വ്യാപകമായ കൃത്രിമം നടത്തുന്നതായും വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. കാലാവധി കഴിഞ്ഞ മരുന്നുകൾ നശിപ്പിക്കുന്നതിന് യാതൊരു സംവിധാനവും ഏർപ്പെടുത്തിയിട്ടില്ല. ഇതിന് പരിഹാരം കാണുന്നതിനും സാമ്പത്തികക്രമക്കേടും അഴിമതിയും ഇല്ലാതാക്കുന്നതിനും ശക്തമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർക്കാർ ആശുപത്രികളിലെയും ഫാർമസികളിലെയും അഴിമതിയും സാമ്പത്തിക ക്രമക്കേടുകളും കണ്ടെത്തുന്നതിനായി ശക്തമായ വിജിലൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പോലീസ് വിജിലൻസ് വിഭാഗം നടത്തിയ ദ്രുത പരിശോധനയിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി

വിതരണം ചെയ്യുന്ന മരുന്നുകളുടെ കണക്കുകളിൽ കൃത്യത പുലർത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. കെ.എം.എസ്.സി.എൽ. പരിശോധനാവിഭാഗം ആധുനികവൽക്കരിക്കുന്നതിനും ഇ-ഹെൽത്ത് പദ്ധതിയുമായി യോജിപ്പിച്ചുകൊണ്ട് എല്ലാ ജില്ലകളിലെയും സ്റ്റോക്കടക്കമുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ജനറിക് മരുന്നുകൾ എഴുതുന്നതിൽ വീഴ്ച വരുത്തുന്ന ഡോക്ടർമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. കാരുണ്യ ഫാർമസികളിൽ കേരള ജനറിക്സ് എന്ന പേരിൽ ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്നതിന് കൗണ്ടറുകൾ ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. കാലാവധി കഴിഞ്ഞ മരുന്നുകൾ നശിപ്പിക്കാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എം.എസ്.സി.എൽ. മുഖേന പരിശോധിച്ച് കാലാവധി കഴിഞ്ഞ മരുന്നുകൾ ഒഴിവാക്കാൻ സർക്കാർ കൂടുതൽ ശ്രദ്ധിക്കുന്നതാണ്.

## IV സബ്മിഷൻ

### (1) ജസ്റ്റിൻ ജോണിന്റെ വീടിന് നേരെയുണ്ടായ ആക്രമണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കൊല്ലം ചവറയിൽ സി.പി.ഐ.(എം.) അക്രമത്തിനെതിരെ പ്രതിഷേധിച്ച ആർ.എസ്.പി. നേതാവ് അഡ്വ. ജസ്റ്റിൻ ജോണിന്റെ വീടാക്രമിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി

സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊല്ലം ചവറ പോലീസ് സ്റ്റേഷൻ പരിധിയിൽ താമസിക്കുന്ന ആർ.വൈ.എഫ്. സംസ്ഥാന വൈസ് പ്രസിഡന്റിന്റെ വീടാക്രമിച്ച് നാശനഷ്ടം വരുത്തുകയും മാതാവിനെ ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്ന പരാതിയിൽ കണ്ടാലറിയാവുന്ന അമ്പതുപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഈ സംഭവത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും നിഷ്ക്രിയത്വമുണ്ടായിട്ടില്ല. സംഭവം അറിഞ്ഞയുടൻ പോലീസ് സ്ഥലത്തെത്തി നിയമനടപടി സ്വീകരിച്ചിട്ടുണ്ട്.

(2) കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തൽ

ശ്രീ. കെ. വി. വിജയദാസ്: കാഷ്വൽ സ്വീപ്പർമാരെ പാർട്ട്ടൈം സ്വീപ്പർമാരായി സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നിലവിലുള്ള ചട്ടമനുസരിച്ച് കാഷ്വൽ സ്വീപ്പർമാരെ പാർട്ട്ടൈം കണ്ടിജന്റ് സർവ്വീസിലുൾപ്പെടുത്തി പാർട്ട്ടൈം സ്വീപ്പർമാരായി നിയമിക്കാൻ കഴിയില്ല. പാർട്ട്ടൈം കണ്ടിജന്റ് സർവ്വീസിലേയ്ക്കുള്ള നിയമനം സീനിയോറിറ്റി, സംവരണം എന്നിവ മാനദണ്ഡമാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയാണ് നടത്തുന്നത്. ഇതിന് വിരുദ്ധമായി കാഷ്വൽ

ജീവനക്കാരെ സ്ഥിരപ്പെടുത്താൻ കഴിയില്ലെങ്കിലും വർഷങ്ങളായി ജോലി ചെയ്യുന്നവരുടെ കാര്യത്തിൽ പരിശോധന നടത്തുന്നതാണ്.

## (3) സെമിനാർ അലങ്കോലപ്പെടുത്തൽ

ശ്രീ. എ. പി. അനിൽ കുമാർ: വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി സംഘടിപ്പിച്ച വികസന സെമിനാർ സി.പി.ഐ.(എം.) പ്രവർത്തകർ അലങ്കോലപ്പെടുത്തുകയും ബ്ലോക്ക് പഞ്ചായത്തംഗങ്ങളെ കയ്യേറ്റം ചെയ്യുകയും ചെയ്ത സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്നതിനും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ശക്തമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ വികസന സെമിനാർ നടക്കവെ ഒരു കൂട്ടം ആളുകൾ അവിടെ തള്ളിക്കയറി അസഭ്യം പറയുകയും ആൾക്കാരെ കയ്യേറ്റം ചെയ്യുകയും സെമിനാറിന് തടസ്സം വരുത്തുകയും ചെയ്തുവെന്ന പ്രസിഡന്റിന്റെ മൊഴിയുടെ അടിസ്ഥാനത്തിലും അതേ ദിവസം ബ്ലോക്ക് പഞ്ചായത്തംഗം ശ്രീമതി രാധാമണിയെ തടഞ്ഞുനിർത്തി കയ്യേറ്റം ചെയ്യുകയും ജാതിപ്പേര് വിളിച്ച് അപമാനിക്കുകയും ചെയ്തുവെന്ന പരാതിയിലും വണ്ടൂർ പോലീസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ട് കേസുകളുടെയും അന്വേഷണം ഊർജ്ജിതമായി നടന്നുവരികയാണ്.

(4) റോളക്സ് ഏജൻസി സംബന്ധിച്ച അന്വേഷണം

ശ്രീ. സി. കെ. ശശീന്ദ്രൻ: കോഴിക്കോട്ടുള്ള റോളക്സ് ഏജൻസി വഴി ഗൾഫിൽ പോയ വയനാട് സ്വദേശിനി സിസിലി മൈക്കിൾ ശാരീരിക മാനസിക പീഡനങ്ങൾക്ക് വിധേയമായി ജോലി സ്ഥലത്ത് മരണപ്പെട്ട സാഹചര്യത്തിൽ അവരോടൊപ്പം പോയ സെലീന, ഗ്രേസി തോമസ്, ജയന്തി എന്നിവരെ തിരികെ നാട്ടിലെത്തിക്കാനും പ്രസ്തുത ഏജൻസിയെക്കുറിച്ച് അന്വേഷിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കോഴിക്കോട് പ്രവർത്തിക്കുന്ന റോളക്സ് ടൂർസ് & ട്രാവൽസിന്റെ മുംബൈ ഓഫീസ് വഴി സൗദി അറേബ്യയിലേയ്ക്ക് ജോലിക്ക് പോയ വയനാട് പള്ളിക്കുന്ന് സ്വദേശിനി സിസിലി മൈക്കിളിന് ജോലിസ്ഥലത്ത് കഠിനമായി ശാരീരിക മാനസിക പീഡനം നേരിടേണ്ടിവരുന്നു എന്ന മാതാവിന്റെ പരാതിയിന്മേൽ സിസിലി മൈക്കിളിനെ നാട്ടിലെത്തിക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് റിയാദിലെ ഇൻഡ്യൻ അംബാസിഡർക്കും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനും കത്തയയ്ക്കുകയുണ്ടായി. സിസിലി മൈക്കിൾ ജോലിസ്ഥലത്ത് മരണപ്പെട്ടതിനെത്തുടർന്ന് മൃതശരീരം നാട്ടിലെത്തിക്കുന്നതിന് പ്രവാസികാര്യ വകുപ്പ് റിയാദിലെ ഇൻഡ്യൻ അംബാസിഡറുടെയും കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെയും സഹായം

തേടിയിരുന്നു. സിസിലി മൈക്കിളിന്റെ മരണത്തിൽ ദുരൂഹതയുണ്ടെന്ന സഹോദരന്റെ പരാതിപ്രകാരം കമ്പളക്കാട് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് മൃതദേഹം പോസ്റ്റ്മോർട്ടം നടത്തി അന്വേഷണം നടത്തിവരികയാണ്. ജയന്തി, സെലീന എന്നിവരെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ലെങ്കിലും ഇൻഡ്യൻ എംബസിയും കേന്ദ്ര വിദേശ കാര്യ മന്ത്രാലയവും മുഖേന ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. റോളക്സ് ടൂർസ് & ട്രാവൽസ് എന്ന സ്ഥാപനത്തിനെതിരെ പരാതികളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലും ഇപ്പോഴുള്ള പരാതിയെ സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (5) ധനസഹായം

ശ്രീ. വി. എസ്. അച്യുതാനന്ദൻ: കഞ്ചിക്കോട് വ്യവസായ മേഖലയുടെ വളർച്ചയ്ക്കും നിലനിൽപ്പിനും ആവശ്യമായ സമഗ്ര വികസന പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ): കഞ്ചിക്കോട് വ്യവസായ മേഖലയുടെ വികസനത്തിനായി വ്യവസായ വകുപ്പ് വിവിധ പദ്ധതികൾ തയ്യാറാക്കി വരികയാണ്. പ്രസ്തുത മേഖലയ്ക്കാവശ്യമായ 10 റോഡുകൾക്കുള്ള നവീകരണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഭൂഗർഭ ജലത്തിന്റെ

വിനിയോഗം കുറയ്ക്കുന്നതിനായി മലമ്പുഴ ഡാമിൽ നിന്നും പൈപ്പ് ലൈൻ വഴി ജലം ലഭ്യമാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കഞ്ചിക്കോട് മേഖലയിൽ കേരള സംസ്ഥാന വികസന കോർപ്പറേഷൻ അനുവദിച്ച സ്ഥലത്ത് ബഹുനില വ്യവസായ സമുച്ചയത്തിന്റെ പണി പൂർത്തിയാക്കുകയും വ്യവസായ സംരംഭകർക്ക് സ്ഥലം വാടകയ്ക്ക് നൽകുന്നതിന് നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 163 ഏക്കർ ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുകയും 45 വ്യവസായ സംരംഭങ്ങൾ പ്രവർത്തന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. കിൻഫ്ര ഒരു ബഹുനില ഫാക്ടറി സമുച്ചയം സ്ഥാപിച്ച് രണ്ട് സംരംഭകർക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്. കിൻഫ്രയുടെ പാലക്കാട്ടുള്ള വ്യവസായ പാർക്കിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.എം.എൽ.-ന് ഭൂമി റോളിംഗ് സ്റ്റോക്ക് ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് പാട്ട വ്യവസ്ഥയിൽ സ്ഥലം അനുവദിക്കുന്നതിനുള്ള ഒന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കിൻഫ്രയുടെ സംയുക്ത സംരംഭമായ വൈസ് പാർക്കിൽ 32 വ്യവസായ സംരംഭങ്ങൾ പ്രവർത്തന സജ്ജമാക്കുകയും 73 ഏക്കറിൽ മെഗാ പാർക്കിന്റെ നിർമ്മാണത്തിന് കിൻഫ്ര തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. ഈ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം, ഇ.എസ്.ഐ. ആനുകൂല്യം, സ്ത്രീ തൊഴിലാളികൾക്ക് പ്രത്യേക സൗകര്യം, ബാങ്കിംഗ് കൺസോർഷ്യം, പൊതു ശൗചാലയം, മറുനാടൻ തൊഴിലാളികളുടെ

പ്രശ്നങ്ങൾ, കൺവെൻഷൻ സെന്റർ, റെയിൽവേ സ്റ്റേഷനുമായി ബന്ധപ്പെട്ട അനുബന്ധ സൗകര്യങ്ങൾ, മാലിന്യനിർമ്മാർജ്ജന പ്ലാന്റ് എന്നീ കാര്യങ്ങൾക്ക് അടിയന്തരമായി ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് നടപടി സ്വീകരിക്കുന്നതാണ്.

(6) താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി വികസനവും ത്വക്ക് രോഗ ആശുപത്രിക്ക് കെട്ടിടവും

ശ്രീ. ബി.ഡി. ദേവസ്സി : ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ സമഗ്ര വികസനത്തിനും കൊരട്ടി ഗാന്ധി ഗ്രാം ത്വക്ക് രോഗ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ സി.ടി. സ്കാനും 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ട്രോമാ കെയറും സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും കിഫ്ബി വഴി പണം ലഭ്യമാക്കാൻ ശ്രമിക്കുന്നതുമാണ്. ഈ ആശുപത്രിയ്ക്കാവശ്യമായ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനും കൊരട്ടി ഗാന്ധി ഗ്രാം ത്വക്ക് രോഗ ആശുപത്രിയ്ക്കാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കും.

## (7) ഭൂമിക്ക് നിശ്ചയിച്ച വില നൽകൽ

ശ്രീ. കെ. ആൻസലൻ: കഴക്കൂട്ടം കാരോട് ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ഭൂമിക്ക് നിശ്ചയിച്ച വില നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കഴക്കൂട്ടം കാരോട് ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച വില സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. 1956-ലെ ദേശീയ പാതാ ആക്ട് പ്രകാരം കോമ്പീറ്റന്റ് അതോറിറ്റിയാണ് വില നിശ്ചയിക്കേണ്ടത്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആക്ഷൻ കൗൺസിൽ ഭാരവാഹികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നടപടിക്കുറിപ്പ് പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ട്.

## (8) പോക്കുവരവ്

ശ്രീ. അബ്ദുൽ ഹമീദ് . പി.: കൊടക്കാട് കോട്ടേക്കുന്ന് നിവാസികളുടെ ഭൂമിയുടെ കൈവശാവകാശം നിലനിർത്തുന്നതിനും ഭൂനികുതി സ്വീകരിച്ച് പോക്കുവരവ് ചെയ്തുനൽകുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിലെ അരിയന്നൂർ വില്ലേജിൽപ്പെട്ട കൊടക്കാട് റബ്ബർ എസ്റ്റേറ്റ് കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 പ്രകാരം ഇളവനുവദിച്ച ഭൂമിയായതിനാൽ പൂർണ്ണമായോ ഭാഗീകമായോ തുണ്ടുവൽക്കരിച്ച് തരംമാറ്റം നടത്തുന്നത് പാടില്ലാത്തതിനാൽ ഈ ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കോ വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനോ റവന്യൂ സർട്ടിഫിക്കറ്റുകൾ നൽകാൻ സാധിക്കില്ല. എന്നാൽ വായ്പയ്ക്കും കാർഷിക കടാവശ്യങ്ങൾക്കും മറ്റും കൈവശ സർട്ടിഫിക്കറ്റുകൾ നൽകിവരുന്നു. നികുതി അടച്ചുവന്നിരുന്ന ഭൂ ഉടമകളിൽനിന്ന് നികുതി സ്വീകരിക്കുന്നുണ്ട്. പുതുതായി കൈമാറ്റം ചെയ്ത ഭൂമിയുടെ നികുതി സ്വീകരിക്കാനും പോക്കുവരവിനുമാണ് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്. റബ്ബർ എസ്റ്റേറ്റ് എന്ന് തരംമാറ്റം ചെയ്തതിനാലാണ് പോക്കുവരവ് ചെയ്യുന്നതിന് താമസം നേരിടുന്നത്. അനന്തര നടപടികൾക്കായി ഈ വിഷയം ലാന്റ് ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## (9) സർട്ടിഫിക്കറ്റുകൾ നൽകൽ

ശ്രീ. പി. ടി. എ. റഹീം: കുന്ദമംഗലം സബ്-താലൂക്കാഫീസിലെ ഡെപ്യൂട്ടി തഹസീൽദാർക്ക് സർട്ടിഫിക്കറ്റുകൾ നൽകാനുള്ള അധികാരം നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കുന്ദമംഗലം സബ് താലൂക്കാഫീസിൽ നിലവിൽ ഒരു ഡെപ്യൂട്ടി തഹസീൽദാർ, ഒരു ഓഫീസ് അറ്റൻഡന്റ്, ഒരു ഫുൾടൈം സ്വീപ്പർ എന്നിവരാണ് ജോലി ചെയ്തുവരുന്നത്. തഹസിൽദാർ നൽകുന്ന സർട്ടിഫിക്കറ്റുകൾ സബ് താലൂക്കിലെ ഡെപ്യൂട്ടി തഹസിൽദാർക്കുകൂടി നൽകുന്നതിനുള്ള അധികാരം സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത സബ്-താലൂക്കിനെ താലൂക്കായി ഉയർത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(10) ഭൂമി സംബന്ധമായ പ്രശ്നങ്ങൾ

ശ്രീ. സണ്ണി ജോസഫ്: ഇരിട്ടി താലൂക്കിൽ പുതിയ ലാന്റ് ട്രിബ്യൂണൽ ആരംഭിക്കുന്നതിനും അയ്യൻകുന്ന്, ആറളം, കൊട്ടിയൂർ പ്രദേശങ്ങളിലെ കൃഷിക്കാരുടെ പട്ടയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കണ്ണൂർ ജില്ലയിൽ ആറളം വില്ലേജിലെ അമ്പലക്കണ്ടി പ്രദേശത്തെ മിച്ചഭൂമി കേസിലുൾപ്പെട്ട 134.3 ഏക്കറിലെ കൈവശക്കാർക്കും അയ്യൻകുന്ന് വില്ലേജിലെ മിച്ചഭൂമി കേസുമായി ബന്ധപ്പെട്ട 48 കൈവശക്കാർക്കും പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ കൂത്തുപറമ്പ് ലാന്റ് ട്രിബ്യൂണലിൽ

നടന്നുവരുന്നു. കൊട്ടിയൂർ വില്ലേജിലെ മിച്ചഭൂമി കേസിൽ ഉൾപ്പെട്ട ഭൂരിഭാഗം പേർക്കും പട്ടയം നൽകുകയും താൽക്കാലികമായി ഭൂ നികുതി സ്വീകരിച്ചുവരികയും ചെയ്യുന്നു. അമ്പായത്തോട് പ്രദേശത്തെ റിസർവ് വനത്തിനുള്ളിലെ കയ്യേറ്റ ഭൂമിയുടെ അതിർത്തി നിർണ്ണയം നടത്തുന്നതിനായി റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ ഭൂമിക്ക് പട്ടയം അനുവദിക്കുകയോ നികുതി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾക്ക് തീർപ്പുകൽപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതും മറ്റെന്തെങ്കിലും സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ടോ എന്ന് പരിശോധിച്ച് തീരുമാനമെടുക്കുന്നതുമാണ്.

(11) കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം- ഷോപ്പിംഗ് കോംപ്ലക്സ്

ശ്രീ. ഹൈബി ഈഡൻ: എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): എറണാകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സമഗ്ര വികസനത്തിന് എംപാനൽ ചെയ്തിട്ടുള്ള ആർക്കിടെക്റ്റുകളിൽനിന്ന് തെരഞ്ഞെടുത്ത ഡിസൈൻ പ്രകാരം ബസ് ടെർമിനൽ-കം-വാണിജ്യ സമുച്ചയം പണിയുന്നതിന് ഡയറക്ടർ ബോർഡ് തീരുമാനിക്കുകയും

ഭാഗികമായി ഒരു നില നിർമ്മിക്കുന്നതിന് കൊച്ചിൻ കോർപ്പറേഷന്റെ നിർമ്മാണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് തുകയേക്കാൾ കുറഞ്ഞ നിരക്കിൽ പ്രവൃത്തി അനുവദിച്ചു നൽകിയ കരാറുകാരന്റെ മെല്ലെപ്പോക്ക് കാരണമാണ് ഇത് വൈകാനിടയായത്. നിർമ്മാണം പുരോഗമിക്കവേ കെട്ടിടത്തിന്റെ ചുമരുകളിൽ വിള്ളലുകൾ രൂപപ്പെട്ടതിനെത്തുടർന്ന് ആയത് ബലപ്പെടുത്തുന്നതിന് അണ്ടർ സ്പിന്നിംഗ് ജോലികൾ നടത്തിവരികയാണ്. കരാറുകാരന് നൽകാനുള്ള ബാക്കിത്തുക ഈ ആഴ്ചതന്നെ കൈമാറി കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതാണ്.

## (12) <u>ചരിത്ര പൈതൃക മ്യൂസിയം</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: മലബാറിന്റെ ചരിത്രവും സാംസ്കാരിക പൈതൃകവും സംബന്ധിച്ച് പുതിയ തലമുറയ്ക്ക് അറിവ് പകരുന്നതിനും സ്വാതന്ത്ര്യസമര സേനാനികളുടെ സ്മരണ നിലനിർത്തുന്നതിനുംവേണ്ടി മലപ്പുറത്ത് ചരിത്ര പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): ഒരു ജില്ലയിൽ ഒരു ചരിത്ര പൈതൃക മ്യൂസിയമെന്നതാണ് സർക്കാരിന്റെ തീരുമാനം. മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി താലൂക്ക് ഓഫീസ് ജില്ലാ പൈതൃക മ്യൂസിയമാക്കി സജ്ജീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന താലൂക്ക് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിനായി ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ഓഫീസ് മാറ്റുന്ന മുറയ്ക്ക് അവിടെ ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(13) ഡയറി സയൻസ് കോളേജ്

ശ്രീ. കെ. എസ്. ശബരീനാഥൻ: വിതുര ചെറ്റച്ചലിൽ റവന്യൂ വകുപ്പിന്റെ സ്ഥലം ഏറ്റെടുത്ത് കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഡയറി സയൻസ് കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): തിരുവനന്തപുരം ജില്ലയിൽ പുതുതായി പ്രവർത്തനം തുടങ്ങിയ ഡയറി സയൻസ് കോളേജ് സ്ഥലപരിമിതിമൂലം കരകുളം കെൽട്രോൺ ക്യാമ്പസിലാണ് പ്രവർത്തിച്ചുവരുന്നത്. ഡയറി സയൻസ് കോളേജിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉചിതമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കോളേജിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(14) സർക്കാർ ആശുപത്രികളുടെ വികസനം

ശ്രീ. മോൻസ് ജോസഫ്: കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഉഴവൂർ കെ.ആർ. നാരായണൻ മെമ്മോറിയൽ ഗവൺമെന്റ് സ്പെഷ്യാലിറ്റി ആശുപത്രിയിൽ പുതിയ തസ്തികകൾ അനുവദിക്കുന്നതിനും കുറവിലങ്ങാട് താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽനിന്ന് ഫണ്ട് അനുവദിക്കുന്നതിനും കുറുപ്പന്തറ, വെളിയന്നൂർ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഉഴവൂർ കെ. ആർ. നാരായണൻ മെമ്മോറിയൽ ഗവൺമെന്റ് സ്പെഷ്യാലിറ്റി ആശുപത്രിക്കായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും അഗ്നിശമന വിഭാഗത്തിന്റെ എൻ.ഒ.സി.-യും കെട്ടിട നമ്പരും ലഭിക്കുകയും ഹൈ ടെൻഷൻ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികളാരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള തസ്തികകൾ ഉപയോഗിച്ചുകൊണ്ട് ഈ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം അധിക തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിഗണിക്കുന്നതുമാണ്. കുറവിലങ്ങാട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി കിഫ്ബിയിൽനിന്ന് സാമ്പത്തിക

സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ കുറുപ്പന്തറ, വെളിയന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പശ്ചാത്തലസൗകര്യം മെച്ചപ്പെടുത്തുകയും അടിയന്തരമായി ഡോക്ടർമാരെ നിയമിക്കുകയും ഡോക്ടറുടെ ഒരു തസ്തികകൂടി സൃഷ്ടിക്കുകയും ചെയ്യുന്നതാണ്.

(15) സ്കൂൾ ഓഫ് ഹെൽത്ത് സയൻസിലെ കോഴ്സുകൾ

ശ്രീ. എ. എൻ. ഷംസീർ: കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള സ്കൂൾ ഓഫ് ഹെൽത്ത് സയൻസിലെ കോഴ്സുകളുടെ തുടർ നടത്തിപ്പിന് അനുവാദം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കേരള ആരോഗ്യ സർവ്വകലാശാലാ ചട്ട പ്രകാരം പ്രൊഫഷണൽ ഹെൽത്ത് സയൻസ് കോഴ്സുകൾ നടത്തുന്നതിന് വിലക്കേർപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ നിർദ്ദേശമനുസരിച്ച് കണ്ണൂർ സർവ്വകലാശാലയുടെ പാലയാട് ക്യാമ്പസിലെ സ്കൂൾ ഓഫ് ഹെൽത്ത് സയൻസിൽ നടത്തിയിരുന്ന കോഴ്സുകൾക്ക് 2017 മുതൽ പ്രവേശനം നടത്തേണ്ടതില്ലെന്ന കണ്ണൂർ സർവ്വകലാശാലാ സിൻഡിക്കേറ്റ് തീരുമാനം സംബന്ധിച്ച് ബഹുമാനപ്പെട്ട ഗവർണ്ണർക്കും മുഖ്യമന്ത്രിക്കും വിദ്യാർത്ഥികൾ അയച്ച നിവേദനങ്ങൾ പരിഗണിച്ച് പ്രസ്തുത കോഴ്സുകൾ നിർത്തലാക്കാനുള്ള തീരുമാനം സിൻഡിക്കേറ്റ് യോഗം റദ്ദ് ചെയ്തിട്ടുണ്ട്.

(16) ഗവൺമെന്റ് ട്രാൻസ്പോർട്ട് ആന്റ് എക്യുപ്മെന്റ് ഓർഗനൈസേഷന്റെ പ്രവർത്തനം

ശ്രീ. എൽദോ എബ്രഹാം: ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള മൂവാറ്റുപുഴ ഗവൺമെന്റ് ട്രാൻസ്പോർട്ട് ആന്റ് എക്യുപ്മെന്റ് ഓർഗനൈസേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിനും നിയമനം, യോഗ്യത എന്നിവ സംബന്ധിച്ച് സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ഗ്രാമവികസന വകുപ്പിനു കീഴിലുള്ള ഓഫീസുകളിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും വാഹനങ്ങൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സ്ഥാപിച്ച മൂവാറ്റുപുഴയിലെ ഗവൺമെന്റ് ട്രാൻസ്പോർട്ട് ആന്റ് എക്യുപ്മെന്റ് ഓർഗനൈസേഷൻ എന്ന സ്ഥാപനത്തിൽ ഒരു ജനറൽ ഫോർമാൻ, ഒരു മെക്കാനിക്, 3 സ്കിൽഡ് അസിസ്റ്റന്റ്, ഒരു സ്ഥിരം ലേബറർ എന്നിവരാണ് ജോലി ചെയ്യുന്നത്. ഫണ്ടിന്റെ അപര്യാപ്തതമൂലം ഗ്രാമവികസന കമ്മീഷണറേറ്റ്, എ.ഡി.സി. എന്നീ ഓഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ മാത്രമാണ് ഇപ്പോൾ ഏറ്റെടുക്കുന്നത്. സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള

നടപടി സ്വീകരിച്ചുവരുന്നു.

(17) തസ്തികകൾ സൃഷ്ടിക്കൽ

ശ്രീ. സി. കൃഷ്ണൻ: ഒന്നാം ഗ്രേഡ് നഗരസഭയായി ഉയർത്തിയ പയ്യന്നൂർ നഗരസഭയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): പയ്യന്നൂർ ഉൾപ്പെടെ 27 നഗരസഭകളെ ഒന്നാം ഗ്രേഡ് നഗരസഭകളാക്കി ഉയർത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ഒന്നാം ഗ്രേഡ് നഗരസഭയുടെ സ്റ്റാഫ് പാറ്റേൺ അനുവദിക്കാൻ സാധിച്ചിട്ടില്ല. അതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ധനകാര്യ ഡയറക്ടറേറ്റിൽ നിന്ന് അംഗീകരിച്ചുകിട്ടുന്ന മുറയ്ക്ക് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ 3(1), 3(2) ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ടുകളുടെ സമർപ്പണം

1) II, III, V, VIII, XIV എന്നീ നമ്പർ സബ്ജക്ട് കമ്മിറ്റികളുടെ 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

2) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ മൂന്നും നാലും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

3) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VII ഗവൺമെന്റ് പ്രമേയം

### റബ്ബറിന്റെ വിലയിടിവ്

റബ്ബറിന്റെ വിലയിടിവ് തടയണമെന്നും സംസ്ഥാനത്തെ റബ്ബർ ബോർഡ് ഓഫീസുകൾ നിലനിർത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) അവതരിപ്പിക്കുകയും ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) പിന്താങ്ങുകയും ചെയ്തു.

ശ്രീ. കെ. സി. ജോസഫ്: പ്രമേയത്തെ അനുകൂലിക്കുന്നു. പ്രമേയത്തിന്റെ അവസാനത്തെ വരിയിൽ "കേന്ദ്ര സർക്കാരിനോട്" ആവശ്യപ്പെടുന്നു എന്നതിനു പകരം "കേന്ദ്ര സർക്കാരിനോടും, സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച വിലസ്ഥിരതാ ഫണ്ട് പ്രകാരം കിലോയ്ക്ക് 150 രൂപയായി നിശ്ചയിച്ച സംഭരണ വില, ഉല്പാദനച്ചെലവും ആഗോള മാർക്കറ്റിലെ മാന്ദ്യവും കണക്കിലെടുത്ത് 200

രൂപയായി വർദ്ധിപ്പിക്കണമെന്ന് സംസ്ഥാന ഗവൺമെന്റിനോടും അഭ്യർത്ഥിക്കുന്നു" എന്ന് ചേർക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കേരളത്തിലെ പ്രധാനപ്പെട്ട നാണ്യവിളയായ റബ്ബറിനോട് കേന്ദ്രം കടുത്ത അവഗണനയാണ് കാണിക്കുന്നത്. റബ്ബർ ബോർഡിന്റെ ഓഫീസുകൾ നിർത്തലാക്കുകയും ജീവനക്കാരെ സ്ഥലം മാറ്റുകയും ചെയ്യുന്നതോടൊപ്പം സബ്സിഡിയും വെട്ടിക്കുറയ്ക്കുന്ന നടപടിയാണ് സ്വീകരിക്കുന്നത്. പ്രമേയത്തിലെ 'ആസ്ഥാന മന്ദിരം' എന്നതിലെ 'മന്ദിരം' എന്ന വാക്ക് ഒഴിവാക്കണം. കേന്ദ്ര ഗവൺമെന്റിനോട് കാര്യങ്ങൾ ആവശ്യപ്പെടുന്ന അവസരത്തിൽ കേരളം ചെയ്യേണ്ട കാര്യങ്ങൾകൂടി ചെയ്യാനുള്ള നടപടിയുണ്ടാകണം. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വിലസ്ഥിരതാ ഫണ്ട് പ്രകാരം കിലോയ്ക്ക് 150 രൂപയായി നിശ്ചയിച്ച സംഭരണവില ഉല്പാദനച്ചെലവും ആഗോളമാർക്കറ്റിലെ മാന്ദ്യവും കണക്കിലെടുത്ത് 200 രൂപയായി വർദ്ധിപ്പിക്കണമെന്നുകൂടി ചേർക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: റബ്ബർ ബോർഡിന്റെ ഹെഡ് ഓഫീസ് മാറ്റുന്നതിന്റെ ഭാഗമായി ജീവനക്കാരെയും സ്ഥലംമാറ്റുന്ന നടപടിയാണ് ഇപ്പോൾ നടക്കുന്നത്. ഈ പ്രമേയത്തിന്റെ ഭാഗമായി റീജിയണൽ ഓഫീസുകൾ നിർത്തലാക്കാനുള്ള നീക്കം പ്രതിഷേധാർഹമാണെന്നും ഈ നടപടിയിൽ നിന്ന് കേന്ദ്ര വാണിജ്യ വകുപ്പ് അടിയന്തരമായി പിന്മാറണമെന്നും അഭ്യർത്ഥിക്കുന്നു

എന്നുള്ള വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. മാണി: പ്രമേയത്തെ അനുകൂലിക്കുന്നു. റബ്ബറിന്റെ വില കിലോയ്ക്ക് 200 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് റബ്ബർ കർഷകരെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണമെന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് : പ്രമേയത്തെ അനുകൂലിക്കുന്നു. 200 രൂപയായി റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് മാറ്റണമെന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്: പ്രമേയത്തെ അനുകൂലിക്കുന്നു. റബ്ബറിന്റെ വില 200 രൂപ എന്നുള്ളത് പൊതുവായി അംഗീകരിച്ചിരിക്കുന്നതിനാൽ ആ വില കുറയ്ക്കരുതെന്ന് ആവശ്യപ്പെടുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): റബ്ബർ വിലയിടിവിന് കാരണമായ കേന്ദ്ര ഗവൺമെന്റ് നടപടിക്കെതിരെ ജനങ്ങൾ ഒറ്റക്കെട്ടായി നിൽക്കേണ്ട സമയമാണിത്. ആർ.സി.ഇ.പി. കരാർ സംബന്ധിച്ച് കേന്ദ്ര മന്ത്രിതല ചർച്ചയ്ക്കുമുമ്പ് സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾ പറയാനുള്ള അവസരം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കർഷക സംഘടനകളുമായി ചർച്ച നടത്തിയശേഷം സർവ്വകക്ഷി നിവേദക സംഘം പോകുന്ന കാര്യം തീരുമാനിക്കാം. "റീജിയണൽ ഓഫീസുകൾ നിർത്തലാക്കുന്നതിനുള്ള നീക്കം പ്രതിഷേധാർഹമാണെന്നും" "ചുരുങ്ങിയത് 200 രൂപയായി

വർദ്ധിപ്പിക്കാനാവശ്യമായ ഫണ്ട് അനുവദിക്കണമെന്നും" "ആസ്ഥാനമന്ദിരം" എന്നത് "ആസ്ഥാനം" എന്നും മാറ്റിക്കൊണ്ടും ഭേദഗതി ചെയ്യാം. പ്രമേയം ഏകകണ്ഠമായി പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ അംഗീകരിച്ചു. ഭേദഗതി ചെയ്തപ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

## VII ധനകാര്യം

### 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. റ്റി. വി. രാജേഷ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുള്ള നടപടികളാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ദേശീയ പാതാ വികസനത്തിനുള്ള ടെണ്ടർ നടപടികളും ഗ്യാസ് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളും കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം, വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനം എന്നീ നിലകളിൽ കേരളത്തെ

മാറ്റിയെടുക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ദീർഘവീക്ഷണത്തോടുകൂടി മണ്ണ്, മനുഷ്യൻ, വായു, ആകാശം, വെള്ളം ഇവ നവീകരിക്കുന്ന ഒരു സമഗ്ര പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിരിക്കുന്നു. തരിശ് ഭൂമി കൃഷി യോഗ്യമാക്കാനും ഹയർ സെക്കണ്ടറി വിദ്യാഭ്യാസം സമ്പൂർണ്ണമായും ഹൈടെക്ക് ആക്കാനുമാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഒരു പുതിയ രാഷ്ട്രീയ സംസ്കാരം വളർത്തിയെടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിന്റെ ഭരണം ജനങ്ങൾ പ്രതീക്ഷയോടുകൂടിയാണ് കാണുന്നത്. സ്വാശ്രയ വിദ്യാഭ്യാസ കച്ചവടം നിയന്ത്രിക്കുന്നതിന് സമഗ്ര നിയമനിർമ്മാണം നടത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്. വൻകിട കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനും വർഗ്ഗീയവാദികളെ ജയിലിലടയ്ക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ അഭിനന്ദനാർഹമാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിവാദങ്ങളിൽ മുങ്ങിയ ഒരു ഗവൺമെന്റാണിത്. നിയമവാഴ്ചയുടെ തകർച്ച, രാഷ്ട്രീയ കൊലപാതകങ്ങൾ, ഭക്ഷ്യ പൊതുവിതരണ രംഗത്തെ തകർച്ച, തീരുമാനങ്ങളെടുക്കാൻ കഴിയാത്ത ഉദ്യോഗസ്ഥർ, ചലനമില്ലാത്ത സെക്രട്ടേറിയറ്റ് ഫയലുകൾ ഇവയാണ് കഴിഞ്ഞ ഒരു വർഷക്കാലത്തെ ഗവൺമെന്റിന്റെ നേട്ടങ്ങൾ. സ്റ്റേറ്റ് പോലീസ് ചീഫിന്റെ ഉത്തരവുകൾ മരവിപ്പിക്കപ്പെടുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ സഹായം, കാരുണ്യ ചികിത്സാ പദ്ധതി എന്നിവ പൂർണ്ണമായും

സ്തംഭനാവസ്ഥയിലാണ്. മുഖ്യമന്ത്രി മാധ്യമങ്ങളിൽനിന്ന് അകൽച്ച പാലിക്കുകയും ക്യാബിനറ്റ് തീരുമാനം വെളിപ്പെടുത്താതിരിക്കുകയും ചെയ്യുന്നു. എല്ലാ സമരങ്ങളേയും അവഗണിക്കുകയും അടിച്ചമർത്തുകയും ചെയ്യുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോ എന്നിവ യു.ഡി.എഫ്. സർക്കാരിന്റെ നേട്ടങ്ങളാണ്. ഒരു വർഷം കഴിഞ്ഞിട്ടും കേരളത്തിന്റെ സമഗ്ര പുരോഗതിക്ക് ഒരു പുതിയ പദ്ധതിക്കും തുടക്കം കുറിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. പ്രവാസികളെ അവഗണിക്കുകയും അവരുടെ ക്ഷേമത്തിനായി യാതൊന്നും നടപ്പാക്കാതിരിക്കുകയും പ്രവാസി ക്ഷേമ പെൻഷനുവേണ്ടി സപ്ലിമെന്ററി ഡിമാന്റിൽ തുക വകയിരുത്താതിരിക്കുകയും ചെയ്യുന്ന ഗവൺമെന്റാണിത്. വെറും പ്രഖ്യാപനങ്ങൾ മാത്രമാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. മലയോര മേഖലയിലെ പഞ്ചായത്തുകളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ച മലയോര വികസന ഏജൻസി നിർത്തലാക്കാൻ തീരുമാനിച്ചത് പുനഃപരിശോധിക്കണം. കിഫ്ബി മുഖേന അനുവദിക്കുന്ന വികസന പദ്ധതികളിൽ പ്രതിപക്ഷ എം.എൽ.എ.-മാരെ അവഗണിക്കുന്ന സമീപനം ശരിയല്ല. സർക്കാരിന് വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല.

<u>ശ്രീ. കെ. രാജൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ

സമഗ്ര പുരോഗതിക്കായി സർക്കാർ പ്രഖ്യാപിച്ച രണ്ട് പ്രധാന പദ്ധതികളാണ് കിഫ്ബിയും കേരള ബാങ്കും. മുൻ സർക്കാർ ആദ്യ വർഷത്തിൽ സിൻഡിക്കേറ്റ് വീതം വയ്ക്കുന്നതിനും സഹകരണ മേഖലയെ തകർക്കുന്നതിനുമാണ് ഓർഡിനൻസുകൾ ഇറക്കിയിരുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 8 മുതൽ 12-ാം ക്ലാസ് വരെയുള്ള 45,000 ക്ലാസ് മുറികൾ ഹൈടെക്കാക്കി മാറ്റുന്നതിനുള്ള തീരുമാനം ശ്ലാഘനീയമാണ്. മൃഗപരിപാലന രംഗത്ത് ഒട്ടേറെ പദ്ധതികൾ നടപ്പാക്കി മായമില്ലാത്ത പാൽ വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു. ആർദ്രം പദ്ധതിയിലൂടെ ആരോഗ്യ മേഖലയിൽ അത്ഭുതകരമായ ഇടപെടലാണ് സർക്കാർ നടത്തുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നഷ്ടത്തിലായ വ്യവസായ സ്ഥാപനങ്ങളെ ഒരു വർഷം കൊണ്ട് ലാഭത്തിലെത്തിക്കാനും അവയുടെ എണ്ണം വർദ്ധിപ്പിക്കാനും സഞ്ചിത നഷ്ടം 130 കോടി രൂപയിൽ നിന്ന് 70 കോടി രൂപയായി കുറയ്ക്കാനും പൊതുവിതരണ രംഗത്ത് ഫലപ്രദമായ ഇടപെടൽ നടത്താനും സർക്കാർ നടപടി സ്വീകരിച്ചു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ എല്ലാ പ്രശ്നങ്ങളും കിഫ്ബിയിലൂടെ പരിഹരിക്കുമെന്നാണ് സർക്കാർ പറയുന്നത്. വികസനപ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിതര ഫണ്ടിംഗിനായി സർക്കാരിന് ബാദ്ധ്യതയില്ലാത്ത ബി.ഒ.ടി., പി.പി.പി. മാതൃകകൾ

അനുവർത്തിക്കണം. പണി പൂർത്തിയാക്കിയതിനുശേഷം മാത്രമേ കരാർ തുക അനുവദിക്കൂ എന്ന വ്യവസ്ഥ കരാറുകാർ പദ്ധതി ഏറ്റെടുക്കുന്നതിൽ നിന്ന് പിൻതിരിയുന്നതിന് ഇടയാക്കും. കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളിൽനിന്ന് സെസ്സ്, ടോൾ എന്നിവ പിരിക്കാൻ സാധിക്കാത്തതിനാൽ സർക്കാരിന് അധിക വരുമാനമുണ്ടാകുന്നില്ല. അവയുടെ തിരിച്ചടവിന് നികുതി പണം എടുക്കേണ്ടിവരുന്നതിനാൽ അടുത്ത 15 വർഷത്തേയ്ക്ക് വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തിന്റെ വരുമാനം ഉപയോഗിക്കാൻ സാധിക്കില്ല. പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ജില്ലാ ആശുപത്രിയാക്കി ഉയർത്തിയ പെരിന്തൽമണ്ണ താലൂക്കാശുപത്രിയിൽ മതിയായ ജീവനക്കാരെ നിയമിക്കുന്നതിനും അവിടത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ജനപ്രതിനിധികളുൾപ്പെടെയുള്ളവരുടെ അടിയന്തരയോഗം വിളിക്കുന്നതിനും സർക്കാർ തയ്യാറാകണം. മുൻ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന വികസന പദ്ധതികളല്ലാതെ ഒന്നാം വാർഷികമാഘോഷിക്കുന്ന ഈ സർക്കാരിന് പറയാൻ മറ്റു നേട്ടങ്ങളൊന്നുമില്ല.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അടിസ്ഥാനരഹിതമായ ആരോപണങ്ങളുയർത്തി സർക്കാരിന്റെ നേട്ടങ്ങളെ തമസ്കരിക്കാനുള്ള പ്രതിപക്ഷശ്രമം വിജയിക്കില്ല. 2008-ലെ നെൽവയൽ

തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ അട്ടിമറിച്ചുകൊണ്ട് മുൻ യു.ഡി.എഫ്. സർക്കാർ നിലം നികത്തുന്നതിന് അനുമതി നൽകിയെന്ന സി & എ.ജി റിപ്പോർട്ടിന്മേൽ അന്വേഷണമുണ്ടാകണം. വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് മുൻ യു.ഡി.എഫ്. സർക്കാർ ഉണ്ടാക്കിയ കരാർ സംസ്ഥാന താല്പര്യങ്ങൾക്ക് നിരക്കുന്നതല്ലെന്നും വൻഅഴിമതി അതിന്റെ പിന്നിലുണ്ടെന്നും വ്യക്തമായ സാഹചര്യത്തിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തണം. ശക്തമായ ജനകീയപ്രതിഷേധങ്ങളുടെ ഫലമായാണ് കൊച്ചി മെട്രോ പദ്ധതി ഡി.എം.ആർ.സി.-യെ ഏൽപ്പിക്കാനും ശ്രീ. ഇ. എം. ശ്രീധരനെ മുഖ്യഉപദേഷ്ടാവാക്കാനും മുൻ സർക്കാർ തയ്യാറായത്. മെട്രോ പദ്ധതി വിജയകരമായി പൂർത്തീകരിക്കാൻ ഈ സർക്കാരിന് സാധിച്ചത് അഭിമാനകരമാണ്. അഴിമതി തുടച്ചുനീക്കുന്നതിനും രാഷ്ട്രീയമായ സംശുദ്ധി കാത്തുസൂക്ഷിക്കാനും പ്രതിജ്ഞാബദ്ധമായ ഈ സർക്കാർ വികസനോന്മുഖമായ പരിപാടികളുമായി മുന്നോട്ടുപോകുന്നതാണ്.

ശ്രീ. മോൻസ് ജോസഫ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. അധികതുക ആവശ്യപ്പെടുമ്പോൾ അനുവദിച്ച തുക ഫലപ്രദമായി വകുപ്പുകൾ വിനിയോഗിച്ചിട്ടുണ്ടോ എന്നുകൂടി പരിശോധിക്കുന്നതിന് സർക്കാർ തലത്തിൽ സംവിധാനമുണ്ടാകണം. കേന്ദ്ര ഫണ്ടുകൾ വാങ്ങിയെടുക്കുന്നതിൽ സംസ്ഥാന

സർക്കാരിനുണ്ടാകുന്ന പരാജയം ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ടതാണ്.

കൃഷി, ജലവിഭവ വകുപ്പുകൾ ചേർന്ന് പി.എം.കെ.എസ്.വൈ. പ്രോജക്റ്റ് കേന്ദ്ര സർക്കാരിന് സമർപ്പിച്ച് സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം നേടിയെടുക്കണം. കർഷക പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനും റബ്ബറിന്റെ താങ്ങുവില 200 രൂപയായി വർദ്ധിപ്പിക്കുന്നതിനും നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിനും കരാറുകാർക്ക് കൊടുക്കാനുള്ള 1500 കോടി രൂപയുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും നടപടി സ്വീകരിക്കണം. മറ്റ് വകുപ്പുകളിൽ നടപ്പാക്കിയ ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം വാട്ടർ അതോറിറ്റിയിലും നടപ്പാക്കണം.

<u>ശ്രീ. പി. ടി. എ. റഹീം</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിമാനയാത്രാ നിരക്കിലുണ്ടാകുന്ന വർദ്ധനവ് ഒഴിവാക്കുന്നതിനായി വിമാന കമ്പനികളുടെ യോഗം വിളിച്ചുകൂട്ടുകയും സംസ്ഥാനത്ത് ഒരു സിവിൽ ഏവിയേഷൻ വകുപ്പ് രൂപീകരിക്കാനുള്ള ശ്രമം നടത്തുകയും ചെയ്യുന്ന സർക്കാരിന്റെ നടപടി അഭിനന്ദനാർഹമാണ്. സർക്കാരിനുമേൽ മതസാമുദായിക സംഘടനാ നേതാക്കളുടെ നിയന്ത്രണമില്ലെന്നുള്ളതാണ് ഏറ്റവും പ്രധാന നേട്ടം. ഗെയിൽ വാതക പൈപ്പ്ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സർവ്വകക്ഷി യോഗ തീരുമാനത്തിന് വിരുദ്ധമായ നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. പി. സി. ജോർജ് : അതിരപ്പിള്ളി പദ്ധതിക്ക് 2007 ജൂലൈ 18- ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. വൈദ്യുതി ഉത്പാദനത്തിൽ മാത്രമല്ല കുടിവെള്ളം, കൃഷി തുടങ്ങിയവയ്ക്കാവശ്യമായിട്ടുള്ള അതിരപ്പിള്ളി പദ്ധതി നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. നാണു : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി, ഭവന നിർമ്മാണം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ ജനോപകാരപ്രദമായ നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. വിദ്യാഭ്യാസ വായ്പ എടുത്തവർക്കനുകൂലമായ തീരമാനമെടുക്കാൻ ഈ സർക്കാരിന് സാധിച്ചത് സ്വാഗതാർഹമാണ്. കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യ വിതരണ രംഗത്ത് കേരളത്തിന്റെ താല്പര്യത്തിന് വിരുദ്ധമായി സ്വീകരിച്ച നിലപാടുമൂലം റേഷൻ വിതരണ രംഗത്തുണ്ടായ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞു എന്നത് പ്രശംസനീയമാണ്. കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് ഗുണകരമല്ലാത്ത നിലപാടുകൾ സ്വീകരിച്ചത് യു.ഡി.എഫ്. ഗവൺമെന്റാണ്. റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. വൻകിട കുത്തകകളുടെ താല്പര്യങ്ങൾ മാത്രം സംരക്ഷിക്കാൻ നിലകൊള്ളുന്ന കേന്ദ്ര ഗവൺമെന്റിന്റെ

നയത്തിൽ നിന്നും വ്യത്യസ്തമായി പാവപ്പെട്ട കർഷകരെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീമതി വീണാ ജോർജ്ജ്</u> : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ യഥാർത്ഥ രാഷ്ട്രീയ സംസ്കാരം തിരിച്ചു കൊണ്ടുവരാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും ധൈര്യമായി സഞ്ചരിക്കാനും പരാതി കൊടുത്താൽ ഉടൻതന്നെ നടപടി എടുക്കാനും കഴിയുന്ന സാഹചര്യം കേരളത്തിലുണ്ടായിരിക്കുകയാണ്. വിജിലൻസ്, ക്രമസമാധാന രംഗങ്ങളിൽ സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് നടക്കുന്നത്. ജയിലുകളിൽ ജോബ് ട്രെയിനിംഗ് പ്രോഗ്രാമുകൾ നടപ്പിലാക്കിയത് സ്വാഗതാർഹമാണ്. അദ്ധ്യയനവർഷം ആരംഭിക്കുന്നതിനുമുമ്പുതന്നെ എല്ലാ സ്കൂളുകളിലും പാഠപുസ്തകങ്ങൾ എത്തിക്കാനും മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താനും പെൻഷൻ നേരിട്ട് വീടുകളിൽ എത്തിച്ചുകൊടുക്കാനും ഈ സർക്കാരിന് കഴിഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞതും ആരോഗ്യ വകുപ്പിൽ മാത്രം പി.എസ്.സി. വഴി മൂവായിരത്തോളം നിയമനങ്ങൾ നടത്താൻ സാധിച്ചതും അഭിമാനാർഹമായ നേട്ടങ്ങളാണ്. യു.ഡി.എഫ്. സർക്കാർ വിഴിഞ്ഞം പദ്ധതിയുടെ ഒരു ഘട്ടത്തിലും N.P.V.(Net Present Value) കണക്കാക്കിയിരുന്നില്ല. ബഡ്ജറ്റ് അലോക്കേഷന്റെ 150 ശതമാനം വിനിയോഗിക്കാൻ കഴിഞ്ഞത് പൊതുമരാമത്ത്

വകുപ്പിന്റെ പ്രവർത്തന മികവ് വ്യക്തമാക്കുന്നു. നവകേരളം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. അൻവർ സാദത്ത്</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ക്രമക്കേടുകൾ പരിഹരിച്ച് പുതുക്കിയ റേഷൻ കാർഡ് വിതരണം ചെയ്യാൻ ഗവൺമെന്റിന് സാധിച്ചിട്ടില്ല. ജനദ്രോഹപരമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ബി.ജെ.പി.-യേയും അർ.എസ്.എസ്.-നേയും സഹായിക്കുന്ന നിലപാടാണ് എൽ.ഡി.എഫ്. സ്വീകരിക്കുന്നത്.

<u>ശ്രീ. രാജു എബ്രഹാം</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് റബ്ബർ കർഷരെ സഹായിക്കുന്നതിനുവേണ്ടി യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. ഇന്ത്യയ്ക്ക് മാതൃകയാകാൻ കഴിയുന്ന പ്രവർത്തനങ്ങളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഗെയിൽ വാതക പൈപ്പ്ലൈനുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുനരാരംഭിക്കാൻ കഴിഞ്ഞു. കൂടംകുളം പവർ ഹൈവേയുടെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. കണ്ണൂർ വിമാനത്താവളം സമയബന്ധിതമായി പൂർത്തിയാകാൻ പോകുകയാണ്. വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന കക്കാട് പദ്ധതി കമ്മിഷൻ ചെയ്ത് കേരളത്തിലെ ലോഡ് ഷെഡ്ഡിംഗ് അവസാനിപ്പിച്ചത് എൽ.ഡി.എഫ്. സർക്കാരാണ്. വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട അഴിമതി സംബന്ധിച്ച് അന്വേഷിച്ച്

കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. ദിവാകരൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ പ്രവർത്തനങ്ങൾമൂലം ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾ വേട്ടയാടപ്പെടുകയും ജനാധിപത്യ അവകാശങ്ങൾ ലംഘിക്കപ്പെടുകയും ചെയ്യുകയാണ്. കേന്ദ്ര സർക്കാരിന്റെ നോട്ടുനിരോധനംമൂലം കേരളത്തിലുണ്ടായ പ്രതിസന്ധികൾ പരിഹരിക്കാൻ സർക്കാരിന് സാധിച്ചു. വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാർ നടത്തിയ അഴിമതി സംബന്ധിച്ച് സി.ആന്റ് എ.ജി. ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നികുതി പിരിക്കാതെ മുതലാളിമാരെ സഹായിക്കുന്ന സമീപനമാണ് സ്വീകരിച്ചതെങ്കിൽ അഴിമതിരഹിതമായ ഭരണവുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ഏറ്റവും കൂടുതൽ റബ്ബർ കൃഷിക്കാരുള്ള തിരുവനന്തപുരം ജില്ല വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന സാഹചര്യത്തിൽ റബ്ബർ കൃഷിക്കാരെ സഹായിക്കാനായി റബ്ബറടിസ്ഥാനത്തിൽ വ്യവസായ സംരംഭമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ മേഖലകളിലും അവ്യക്തത നിലനിൽക്കുകയാണ്. ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാൻ ആദ്യം കാട്ടിയ

ഉത്സാഹം ഇപ്പോഴില്ലാത്തതിന്റെയും കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ വിതരണം അനന്തമായി നീണ്ടുപോകുന്നതിന്റെയും കാരണം വ്യക്തമാക്കണം. സൗജന്യ അരി വിതരണം, കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി, കാരുണ്യ ഫണ്ട് എന്നിങ്ങനെയുള്ള നിരവധി ആശയങ്ങൾ നടപ്പിലാക്കാൻ യു.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടുണ്ട്. കാരുണ്യ ഫണ്ട് അനന്തമായി നീണ്ടുപോകുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ മുഖ്യമന്ത്രിക്ക് എം.എൽ.എ.-മാർ നൽകുന്ന അപേക്ഷകൾ വീണ്ടും വില്ലേജുകളിലേയ്ക്കയച്ച് കാലതാമസമുണ്ടാകുന്നത് ഒഴിവാക്കണം. നെൽ കർഷകർക്ക് നെല്ലിന്റെ വില സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിലെ റബ്ബർ ബോർഡിന്റെ സോണൽ ഓഫീസുകൾ അടച്ചുപൂട്ടുന്നതിനാൽ റബ്ബർ കർഷകർ പരിതാപകരമായ അവസ്ഥയിലേയ്ക്ക് പോകുന്നത് തടയണം.

ഡോ. എം. കെ. മുനീർ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി.എഫ്. സർക്കാർ തുടങ്ങിവച്ച പദ്ധതികളാണ് ഈ സർക്കാർ ഉദ്ഘാടനം ചെയ്തുകൊണ്ടിരിക്കുന്നത്. സർക്കാർ അറിയാതെ വിദേശത്തുള്ള ലോകബാങ്ക് പോലെയുള്ളവയിൽനിന്നും വായ്പയെടുത്താൽ ചിലപ്പോൾ സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കും. കോഴിക്കോട് സൗത്ത് മണ്ഡലത്തിലുള്ള ഒരു പാലത്തിന്റെ കാര്യത്തിൽ സർക്കാർ അനുകൂല തീരുമാനമെടുക്കണം. കഴിഞ്ഞ

ഗവൺമെന്റ് എന്ത് ചെയ്തുവെന്നല്ല ഈ ഗവൺമെന്റ് പുതുതായി എന്തെങ്കിലും ചെയ്യുന്നുണ്ടോയെന്നാണ് ജനങ്ങൾ നോക്കുന്നത്.

<u>ശ്രീ. എസ്. ശർമ്മ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി സദുദ്ദേശപരമായി കൊണ്ടുവന്ന ഒരു മെക്കാനിസമാണ് കിഫ്ബി. ഇൻഡ്യയിൽ അഴിമതി കുറഞ്ഞതും മികച്ച ക്രമസമാധാനമുള്ളതുമായ സംസ്ഥാനമാണ് കേരളം എന്നാണ് സർവ്വേ ഫലങ്ങൾ വ്യക്തമാക്കുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം, വെളിയിട വിസർജ്ജ്യ വിമുക്ത സംസ്ഥാനം എന്നീ നിലകളിലേയ്ക്കും കേരളം മാറാൻ പോകുകയാണ്. വിഴിഞ്ഞം പദ്ധതി സംബന്ധിച്ച് വൻ അഴിമതി നടന്നിരിക്കുന്നുവെന്നാണ് സി.&എ.ജി. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. പി.പി.പി. അനുസരിച്ചുള്ള എല്ലാ കരാറുകളിലും കാലാവധി 30 വർഷമായിരിക്കെ വിഴിഞ്ഞം കരാറിൽ 40 വർഷമാക്കിയതിന്റെ ഫലമായി 29712 കോടി രൂപയാണ് കമ്പനി നേട്ടമുണ്ടാക്കിയിരിക്കുന്നത്. 40 വർഷത്തിനുശേഷവും കാലാവധി നീട്ടിനൽകുന്നതിനുള്ള ക്ലോസും ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നാണ് സി.& എ.ജി. പറയുന്നത്. വിഴിഞ്ഞം കരാറിൽ അഴിമതിയുണ്ടെന്ന് ഡോക്യുമെന്ററി എവിഡന്റ്സിന്റെ അടിസ്ഥാനത്തിൽ പ്രൂവ് ചെയ്യപ്പെട്ടിരിക്കുകയാണ്. ഐ.എ.എസ്. /ഐ.പി.എസ്. ഉദ്യോഗസ്ഥർ തമ്മിലുള്ള തർക്കം സംബന്ധിച്ച് കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്ത് നിയമസഭ ചർച്ച ചെയ്തത് മറക്കരുത്. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ വൻ വികസന കുതിപ്പിന് പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. വിവിധ റെയിൽവേ ലൈനുകൾ വികസിപ്പിക്കുന്നതിനായി ജോയിന്റ് വെഞ്ച്വർ ഒപ്പുവച്ചിരിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിവാദങ്ങൾ കൊണ്ട് നിറഞ്ഞ ഒരു വർഷമാണ് കടന്നുപോയത്. ക്രൈസിസ് മാനേജ്മെന്റിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. പകർച്ചപ്പനി, കുടിവെള്ള വിതരണം, തെരുവുനായ ആക്രമണം, വില നിയന്ത്രണം തുടങ്ങിയ കാര്യങ്ങളിലൊന്നും ചെറുവിരലനക്കാൻ പോലും സർക്കാരിനായിട്ടില്ല. ഇതിനെല്ലാമുപരി ഉന്നത ഉദ്യോഗസ്ഥർ തമ്മിലുള്ള പോരാട്ടംമൂലം ഭരണം സ്തംഭിച്ചിരിക്കുകയാണ്. ഡി.ജി.പി.- യെ ചോദ്യം ചെയ്യുന്ന എ.ഡി.ജി.പി.- ക്കെതിരെ ഗവൺമെന്റ് ഒരു നടപടിയും എടുത്തില്ല. സ്ത്രീകൾക്കും കുട്ടികൾക്കു മെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ കർശന നടപടിയെടുക്കാൻ സർക്കാരിന് സാധിക്കുന്നില്ല. സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്ന ഈ ഘട്ടത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതി ഇല്ലാതെ നീന്തൽ കുളത്തിന്റെയും ഇൻഡോർ സ്റ്റേഡിയത്തിന്റെയും വരുമാനത്തിൽനിന്നും 48 ലക്ഷം രൂപ ചെലവഴിച്ചാണ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റിനും സെക്രട്ടറിക്കും ആഡംബര കാർ

വാങ്ങിയത്. വിവിധ വകുപ്പുകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. എസ്.എസ്.എൽ.സി. -യുടെ കണക്ക് വിഷയത്തിൽ പുനഃപരീക്ഷ നടത്തിയത് കേരളത്തിലെ ആദ്യ സംഭവമാണ്. കൊലപാതക പരമ്പരകളുടെ നാടായി കേരളം മാറിയിരിക്കുകയാണ്. തെറ്റായ വഴിയിലൂടെയാണ് ഈ ഗവൺമെന്റ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സംസ്ഥാനത്തെ ക്യാപ്പിറ്റൽ ഡെഫിസിറ്റ് മീറ്റ് ചെയ്യുന്നതിന് കിഫ്ബി വഴി ബഡ്ജറ്റിന് പുറത്തുനിന്നും ഫണ്ട് സ്വരൂപിക്കും. ഭരണം മാറിയാലും കിഫ്ബിക്ക് ഗ്രാന്റ് നൽകുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടിംഗ് സെബിയുടെ 2012-ലെ റെഗുലേഷൻ പ്രകാരം നിലവിൽ വന്നിട്ടുള്ളതാണ്. ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ടിന്റെ സുപരിചിതമായ രൂപമാണ് വെൻചവർ ക്യാപ്പിറ്റൽ ഫണ്ട്. കിഫ്ബിക്ക് വിദേശ ഫണ്ടിൽ നിന്നും വായ്പ എടുക്കുന്നതിന് പ്ലാനിംഗ് ബോർഡ് സെക്രട്ടറിയുടെ പഠന റിപ്പോർട്ട് ക്യാബിനറ്റും കിഫ്ബി ബോർഡും പരിശോധിച്ച് സെബിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. വിശദമായി പരിശോധിച്ച് മറ്റ് ബാദ്ധ്യതകളൊന്നുമില്ലെന്ന് ഉറപ്പാക്കിക്കൊണ്ട് മാത്രമെ കിഫ്ബി വഴിയുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കുകയുള്ളൂ. ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് രൂപീകരണത്തിനും സെബിയുടെ

അംഗീകാരം ആവശ്യമാണ്. ഇതുസംബന്ധിച്ച റിപ്പോർട്ട് സർക്കാർ പരിശോധിക്കുന്നതാണ്. 30 വർഷം കൊണ്ട് വാങ്ങിയ കടം കൊടുത്ത് തീർക്കാനാണ് സർക്കാർ നിയമനിർമ്മാണം നടത്തിയത്. കിഫ്ബിയുടെ ഭാവി വരുമാനം കാണിച്ചുകൊണ്ട് വായ്പയെടുക്കുന്നതിനാൽ ഭാവിയിലുണ്ടാകാൻ സാധ്യതയുള്ള ഇരട്ടിച്ചെലവ് കുറയ്ക്കാൻ കഴിയും. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ

ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും 40-നെതിരെ 75 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## IX നിയമനിർമ്മാണകാര്യം

### സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

## X ക്രമപ്രശ്നം

### ബില്ലിന് രാഷ്ട്രപതിയുടെ അനുമതി വേണമെന്നത് സംബന്ധിച്ച്

ശ്രീ. കെ. എം. മാണി: പ്രസ്തുത ബിൽ ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽപ്പെടുന്നതിനാൽ രാഷ്ട്രപതിയുടെ അനുമതി ആവശ്യമാണ്. 2015-ൽ നിയമസഭ പാസ്സാക്കിയ മലയാള ഭാഷ വ്യാപനവും പരിപാലനവും ബിൽ രാഷ്ട്രപതിയുടെ പരിഗണനയിലാണ്. ഈ ബില്ലിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കുന്ന സാഹചര്യമുണ്ടായാൽ ഇപ്പോൾ അവതരിപ്പിക്കാൻ പോകുന്ന ബില്ലിന്റെ

പ്രസക്തി നഷ്ടപ്പെടും. രാഷ്ട്രപതിയുടെ പരിഗണനയിലുള്ള ബില്ലിലെ ക്ലോസ് 6-ൽ കേരളത്തിലെ എല്ലാ എയ്ഡഡ് സ്കൂളുകളിലും പത്താം ക്ലാസ് വരെ നിർബന്ധിത ഒന്നാം ഭാഷ മലയാളമായിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. നിലവിലെ ബില്ലിൽ അത് എല്ലാ സ്കൂളുകളുമെന്നാണ് പറഞ്ഞിരിക്കുന്നത്. പരസ്പരവിരുദ്ധമായ ബില്ലുകളായതിനാൽ ഇത് പരിശോധിക്കേണ്ടതാണ്. 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ പിൻവലിക്കേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രസ്തുത ബിൽ അവതരിപ്പിച്ച വേളയിൽ തന്നെ ഇതിന് പ്രതിപക്ഷം ക്രമപ്രശ്നം ഉന്നയിക്കുകയും ആയതിന് സ്പീക്കർ റൂളിംഗ് നൽകിയതുമാണ്. ചട്ടം 79 പ്രകാരം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ബില്ലാണ് അവതരിപ്പിക്കുന്നത്. ഈ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്ന ഘട്ടത്തിലാണ് ക്രമപ്രശ്നം ഉന്നയിക്കേണ്ടത്. 2015-ലെ മലയാള ഭാഷ വ്യാപനവും പരിപാലനവും ബില്ലിന്റെ ക്ലോസ് 6-ലെ വ്യവസ്ഥ 1963-ലെ കേന്ദ്ര നിയമമായ ഔദ്യോഗിക ഭാഷ നിയമത്തിലെ വ്യവസ്ഥകളുമായി വൈരുദ്ധ്യമുള്ളതിനാലാണ് രാഷ്ട്രപതിയുടെ അനുമതിക്കായി അയച്ചത്. 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ രാഷ്ട്രപതിയുടെ അനുമതിക്ക്

അയയ്ക്കേണ്ട ആവശ്യമില്ലാത്തതും കേന്ദ്ര നിയമത്തിന്റെ കീഴിൽ വരാത്തതുമാണ്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തിന് മുൻപായി ചട്ടം 303 അനുസരിച്ച് ശ്രീ. കെ. എം. മാണി ഉന്നയിച്ച ക്രമപ്രശ്നം പ്രസ്തുത ചട്ടത്തിൽ വരുന്നതല്ല. ബിൽ അവതരിപ്പിക്കുന്ന വേളയിൽ തടസ്സവാദം ഉന്നയിച്ചാൽ അവ പരിഗണിച്ചുകൊണ്ടും ബില്ലിലെ തത്വം പൊതുവായി ചർച്ച ചെയ്ത് അംഗീകരിച്ചുകൊണ്ടും വിശദമായ പരിശോധനയ്ക്ക് സെലക്ട് കമ്മിറ്റിക്കോ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്കോ അയയ്ക്കുകയാണ് ചെയ്യുന്നത്. അപ്രകാരം പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്ന ബിൽ പരിഗണനയ്ക്കെടുക്കുന്ന വേളയിൽ അതേ ബില്ലിന്റെ ഭരണഘടനാ സാധ്യത സംബന്ധിച്ചും നിയമനിർമ്മാണത്തിനുള്ള സഭയുടെ കോംപീറ്റൻസി സംബന്ധിച്ചും വീണ്ടും ഉന്നയിക്കുന്നതും റൂളിംഗ് ആവശ്യപ്പെടുന്നതും ഉചിതമല്ല. അതിനാൽ പ്രസ്തുത വാദം ക്രമപ്രകാരമല്ല.

<u>ശ്രീ. കെ. സി. ജോസഫ്</u> : വിയോജിപ്പ് രേഖപ്പെടുത്തുന്നു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലിന് '2017-ലെ മലയാള ഭാഷ പഠന ആക്ട്' എന്ന് പേര് മാറ്റം വരുത്തിയ നടപടി ശരിയല്ല. സഭയിൽ അവതരിപ്പിച്ചപ്പോൾ നിർബന്ധിത ഭാഷയായിരുന്ന മലയാളം ഇപ്പോൾ ഓപ്ഷണൽ ഭാഷയായി

മാറിയിരിക്കുകയാണ്. ബിൽ സംബന്ധിച്ച് ഗവൺമെന്റ് വിശദമായ പഠനം നടത്തിയിട്ടില്ല. ബില്ലിന്റെ ഉദ്ദേശശുദ്ധി തന്നെ ഇല്ലാതാക്കുന്ന നടപടികളാണ് സർക്കാർ കൈക്കൊണ്ടിരിക്കുന്നത്. കേന്ദ്ര നിയമം ബാധകമായ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിലും മലയാളം പഠിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രായോഗികമാണെന്ന് തോന്നുന്നില്ല. ഭാഷാ ന്യൂനപക്ഷങ്ങളുടെ ആശങ്കകൾ ദൂരീകരിക്കാൻ ബില്ലിൽ വ്യവസ്ഥയില്ല. ബില്ലിന് ഗവർണ്ണറുടെ അംഗീകാരം ലഭിക്കാൻ സാധ്യത കുറവാണ്. വിദേശ രാജ്യങ്ങളിൽ പഠനം നടത്തിയശേഷം തുടർപഠനത്തിനായി സംസ്ഥാനത്ത് എത്തിച്ചേരുന്ന വിദ്യാർത്ഥികളെ ഇതിലെ വ്യവസ്ഥകൾ ദോഷകരമായി ബാധിക്കുമോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസുകളിൽ മലയാളം പഠിപ്പിക്കണമെന്ന് ബില്ലിൽ പരാമർശിച്ചിരിക്കുന്ന സാഹചര്യത്തിലാണ് 'നിർബന്ധം' എന്ന വാക്ക് ഒഴിവാക്കിയിരിക്കുന്നത്. ഒന്നാം ക്ലാസുമുതൽ ക്രമാനുഗതമായി മലയാളം പഠിപ്പിക്കണമെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഒന്നാം ക്ലാസ്സിൽ മലയാള പഠനം നിർബന്ധമാക്കിയിട്ടുണ്ട്. സി.ബി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. കൊടുക്കുമ്പോൾ മലയാളം കൂടി

പഠിപ്പിക്കണമെന്ന നിബന്ധന വയ്ക്കാൻ സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ പഠനം നടത്തിയശേഷം തുടർപഠനത്തിനായി സംസ്ഥാനത്ത് എത്തിച്ചേരുന്ന വിദ്യാർത്ഥികൾ മലയാളം പഠിച്ച് പരീക്ഷയെഴുതണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല. അവർക്ക് മലയാളം പഠിക്കാനുള്ള അവസരം ഒരുക്കിക്കൊടുക്കുക മാത്രമാണ് സർക്കാർ ചെയ്യുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ എന്നതിനുപകരം മലയാള ഭാഷാ പഠന ആക്ട് എന്നാക്കി മാറ്റിയതിനെ സ്വാഗതം ചെയ്യുന്നു. മലയാളി മലയാളം പഠിക്കണമെന്ന വാദത്തോട് യോജിക്കുന്നുവെങ്കിലും ജോലി സംബന്ധമായും മറ്റും ഇതര സംസ്ഥാനക്കാർ ഇവിടെയുള്ളതിനാൽ കേരളത്തിലുള്ള എല്ലാവരും മലയാളം പഠിക്കണമെന്ന് നിർബ്ബന്ധിക്കുന്നത് ശരിയായ നടപടിയല്ല. നിർബന്ധമായി അടിച്ചേൽപ്പിക്കുന്നതിലൂടെ ഭാഷയുടെ വ്യാപനമുണ്ടാകില്ല. തൊഴിലുമായി ബന്ധപ്പെട്ടും ജീവിത സാഹചര്യംമൂലവും മറ്റൊരു ഭാഷ പഠിക്കുമ്പോഴാണ് ഭാഷയുടെ വ്യാപനമുണ്ടാകുന്നത്. ഭാഷാ ന്യൂനപക്ഷങ്ങളുടെ ആശങ്കകൾ ഈ സന്ദർഭത്തിൽ ഗൗരവമായി കാണണം. ഇതര സംസ്ഥാനങ്ങളിൽനിന്നോ രാജ്യങ്ങളിൽനിന്നോ കേരളത്തിലേയ്ക്ക് വരുന്ന കുട്ടികൾക്ക് ഇവിടെ പഠനം നടത്തുന്നതിന് ദോഷകരമായി ബാധിക്കാൻ ഇടയുള്ള വ്യവസ്ഥകൾ ഭേദഗതി ചെയ്യണം. മലയാള ഭാഷയെ

പ്രോത്സാഹിപ്പിക്കുകയും ഭാഷാ വകഭേദങ്ങളെ സംരക്ഷിക്കുകയും ചെയ്യണം. മലയാള ഭാഷാപഠനം നിർബന്ധിതമാക്കാതെതന്നെ മലയാളം പഠിപ്പിച്ചുകൊണ്ട് ഭാവി തലമുറയിൽ അഭിമാനബോധം വളർത്തിയെടുക്കാൻ കഴിയണം.

ശ്രീ. പി. കെ. അബ്ദു റബ്ബ് : 2015-ലെ മലയാള ഭാഷാ വ്യാപനവും പരിപോഷണവും ബിൽ മൊത്തത്തിലുള്ള മലയാള ഭാഷാ പഠനമാണ് ഉദ്ദേശിച്ചിരുന്നതെങ്കിൽ ഈ ബില്ലിൽ സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതുമായി ബന്ധപ്പെട്ടാണ് സൂചിപ്പിക്കുന്നത്. സബ്ജക്ട് കമ്മിറ്റി ചർച്ചയ്ക്കുശേഷവും പൂർണ്ണമായ വ്യക്തത ബില്ലിൽ വന്നിട്ടില്ല. കേരളത്തിന് പുറത്തു നിന്നു വരുന്ന കുട്ടികൾ നാട്ടിൽ വന്ന് ഉപരി പഠനം നടത്തുമ്പോൾ അവരെ ബാധിക്കാനിടയുള്ള ബില്ലിലെ വ്യവസ്ഥകൾക്ക് മാറ്റം വരണം. ബില്ലിലെ ചില വ്യവസ്ഥകളിലുള്ള അവ്യക്തത ദൂരീകരിക്കണം. മലയാളം പഠിക്കണമെന്ന് നിർബന്ധമുള്ള സ്ഥിതിക്ക് പരീക്ഷ നടത്താൻ തയ്യാറാകണം. പരീക്ഷയില്ലാതെ വന്നാൽ കുട്ടികൾ അലംഭാവം കാണിക്കുമെന്നുള്ളത് വസ്തുതയാണ്. ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസുവരെ മലയാളം പഠിച്ച ഒരു വിദ്യാർത്ഥിക്ക് ക്ലാസിലെ പരീക്ഷ എഴുതുന്നതിൽ ബുദ്ധിമുട്ടില്ല. പുറത്തുനിന്നു വരുന്ന കുട്ടികളുടെ കാര്യത്തിലും തീരുമാനമുണ്ടാകണം. ഈ വിഷയത്തിൽ ഏകീകൃതമായ പരിഹാരമുണ്ടാകണം. ഭാഷാന്യൂനപക്ഷങ്ങളെയും ഓറിയന്റൽ സ്കൂളുകളെയും സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തതയുണ്ടാകണം.

<u>ശ്രീ. എസ്. ശർമ്മ</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഇന്ത്യാ ഗവൺമെന്റിന്റെ സിലബസിന് വിധേയമായി കേരളത്തിൽ പ്രവർത്തിച്ചു വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സംസ്കാരത്തിന്റെയും ഭാഷയുടെയും അവിഭാജ്യഘടകമായി മലയാളത്തെ മാറ്റുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. മാതൃഭാഷ എന്നത് ഒരു ജനതയുടെ പൗരാവകാശത്തിന്റെയും മനുഷ്യാവകാശത്തിന്റെയും അംശമായി കണക്കാക്കിക്കൊണ്ട് മഹത്തായ ദൗത്യമാണ് ഈ ബില്ലിലൂടെ വിഭാവന ചെയ്യുന്നത്. പഠന മാധ്യമം മാതൃഭാഷ ആയിരിക്കണമെന്ന് വിദ്യാഭ്യാസ കമ്മീഷനുകളെല്ലാം നിർദ്ദേശിച്ചിട്ടുള്ളതാണ്. സംസ്കാരത്തിന്റെ ഭാഗമായി മലയാള ഭാഷയെ വ്യാപിപ്പിക്കുന്നതിനാണ് ഈ ബിൽ ലക്ഷ്യമിടുന്നത്. മലയാള ഭാഷയുടെ മാതൃസ്ഥാനീയത നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കണം. ഭാഷാപരമായ മനുഷ്യാവകാശത്തെ അംഗീകരിക്കുകയും വിവേചനത്തെ മനുഷ്യാവകാശ ലംഘനവുമായാണ് ഐക്യരാഷ്ട്ര സഭ രേഖപ്പെടുത്തിയിട്ടുള്ളത്. കേരളത്തിന്റെ പരിസ്ഥിതി സംരക്ഷണം ഉറപ്പിക്കപ്പെടുന്നത് മാതൃഭാഷാ വിദ്യാഭ്യാസത്തിലൂടെയും സംരക്ഷണത്തിലൂടെയുമാണ്. മാതൃസംസ്കാരത്തിന്റെ അടിത്തറയായി കണക്കാക്കി

മലയാള ഭാഷയെ നാടിന്റെ എല്ലാ മേഖലകളിലേയ്ക്കും എത്തിച്ച് അറിവ് പകർന്നുകൊടുക്കുന്നതിന് ചരിത്രപരമായ പങ്കുവഹിക്കാൻ കഴിയുന്ന ഒരു ബിൽ ആയതിനാൽ ഇതിന്റെ ഉള്ളടക്കത്തെ അംഗീകരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: 'സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു'. ബില്ലിനെ തത്വത്തിൽ സ്വാഗതം ചെയ്യുന്നു. 2015-ലെ മലയാള ഭാഷ വ്യാപനവും പരിപോഷണവും ബില്ലിൽ കോടതി നടപടികൾപോലും മലയാളത്തിലാക്കണമെന്നുള്ള തീവ്രനിലപാടെടുക്കുകയും മലയാള ഭാഷയെ ഭരണഭാഷയാക്കി മാറ്റുന്നതിനും കൂടുതൽ വ്യാപിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങളും കഴിഞ്ഞ ഗവൺമെന്റ് നടത്തിയിരുന്നു. സബ്ജക്ട് കമ്മിറ്റി പരിശോധനയ്ക്കുശേഷം വന്ന ബില്ലിലെ ആമുഖത്തിലും പീഠികയിലും നിർബന്ധിത ഭാഷ എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് മാറ്റാൻ നടപടി സ്വീകരിക്കണം. ഇതര സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും നിന്ന് സംസ്ഥാനത്തെ സ്കൂളുകളിൽ പഠനം തുടരുന്ന വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് സംബന്ധിച്ചുള്ള ആശങ്ക ദൂരീകരിച്ചത് സ്വാഗതാർഹമാണ്. ഭാഷാന്യൂനപക്ഷങ്ങൾ പഠിക്കുന്ന സ്കൂളുകളിൽ പ്രത്യേക പാഠപുസ്തകം നൽകി മലയാള പഠനത്തിന് സൗകര്യമൊരുക്കണം.

മലയാളഭാഷാ പഠനം നിർബന്ധിതമാക്കുന്നത് വിദേശത്തുനിന്ന് മടങ്ങിവരുന്നവരുടെയും ന്യൂനപക്ഷങ്ങളുടെയും ആശങ്കകൾ പരിഹരിച്ചുകൊണ്ടാകണം. ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളുടെ കാര്യത്തിൽ കുറച്ചുകൂടി വ്യക്തതയുണ്ടാകണം. ഭാഷാമൗലികവാദം സംസ്ഥാനത്തിന്റെ സാഹചര്യത്തിന് ചേർന്നതല്ലെന്ന യാഥാർത്ഥ്യം ഉൾക്കൊള്ളുകയും ഭാഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വൈകാരികമാണെന്നതിനാൽ അവധാനതയോടെ മുന്നോട്ടുനീങ്ങുകയും ചെയ്യണം. മലയാളഭാഷയ്ക്ക് ശ്രേഷ്ഠഭാഷാപദവി ലഭിച്ച ദിവസം ഭാഷാദിനമായി ആചരിക്കണമെന്ന നിർദ്ദേശം പരിഗണിക്കണം. ഇംഗ്ലീഷ് ഭാഷയെ ഒഴിവാക്കുകയല്ല മറിച്ച് മലയാളഭാഷയെ ശക്തിപ്പെടുത്തുകയാണ് നമ്മുടെ ലക്ഷ്യം. മലയാളഭാഷയുടെയും സംസ്കാരത്തിന്റെയും വളർച്ചയ്ക്ക് ശക്തമായ അടിത്തറയുണ്ടാക്കുന്നതിന് ഈ ബിൽ സഹായകമാകുമെങ്കിൽ അതിനെ സ്വാഗതം ചെയ്യുന്നു. ഈ ബിൽ പാസ്സാക്കുന്നതോടൊപ്പം അംഗീകാരം നേടുന്നതിനും ആശങ്കകളകറ്റി മുന്നോട്ടുപോകുന്നതിനുമുള്ള സാഹചര്യമൊരുക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): തികച്ചും സാർത്ഥകമായ ചർച്ചയിലൂടെ ഈ ബില്ലിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളെ സംബന്ധിച്ച കാര്യങ്ങൾ വ്യക്തമായിട്ടുണ്ട്. മലയാളം അറിയില്ലെങ്കിലും പത്താം

ക്ലാസും ഡിഗ്രിയും പാസ്സാകാമെന്ന അവസ്ഥ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. തുടർവർഷങ്ങളിൽ വളർന്നുവരുന്ന പുതിയ തലമുറയിലെ എല്ലാവർക്കും മലയാളം എഴുതാനും വായിക്കാനും കഴിയണമെന്ന ദീർഘവീക്ഷണത്തോടുകൂടി സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമായാണ് ഈ ബിൽ പരിഗണനയ്ക്കെടുത്തിട്ടുള്ളത്. ആശങ്കകൾ പരിഹരിച്ചുകൊണ്ട് ആരുടെയും അവകാശം ഹനിക്കാതെ മലയാളം അറിയുന്ന പുതിയ തലമുറയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യമാണ് ഇതിന് പിന്നിലുള്ളത്. ഒരു സമൂഹത്തിലെ ആവാസ വ്യവസ്ഥയുമായി സാംസ്കാരികമായും സാമൂഹ്യമായും ബന്ധപ്പെടുന്നതിന് ചുറ്റുമുള്ള ഭാഷ അറിഞ്ഞിരിക്കണമെന്നത് സ്വാഭാവികമായ കാര്യമാണ്. മലയാളം അറിയുന്ന സമൂഹത്തിൽ മലയാളം അറിയാത്തവർ പഠിച്ചുവളർന്നാൽ അവർക്ക് ആ സമൂഹത്തിന്റെ സംസ്കാരവുമായി ചേർച്ചക്കുറവുണ്ടാകും. കേരളത്തിൽ താമസിച്ച് മലയാളം പഠിക്കുന്നത് ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം അവന്റെ എല്ലാതരത്തിലുമുള്ള സമഗ്രമായ വളർച്ചയ്ക്ക് വഴിയൊരുക്കുന്നതാണ്. മലയാളം പഠിക്കണമെന്നു പറയുന്നത് കേവലമായ അർത്ഥത്തിൽ മാത്രമല്ല, മറിച്ച് പഠനത്തിന്റെ സമഗ്രതയ്ക്കും സാംസ്കാരികമായ വളർച്ചയ്ക്കും സാധ്യതയുണ്ടാക്കുക എന്നതിനുകൂടിയാണ്. ഇനി വരുന്ന തലമുറയിലെ എല്ലാവരും മലയാളമറിയുന്നവരാകണം എന്ന ലക്ഷ്യത്തോടെയാണ് കേരളത്തിൽ എല്ലാവരും

ഒന്നാം ക്ലാസ് മുതൽ മലയാളം പഠിക്കണമെന്ന കാര്യം ഈ ബില്ലിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഭാഷയുടെ ഭംഗിയും ശക്തിയുമെന്നത് ഭാഷയുടെ സ്വാഭാവികമായ ഒഴുക്കാണ്. മലയാളം പഠിക്കണമെന്ന് സമൂഹം പറഞ്ഞുകൊടുക്കുമ്പോൾ സ്വാഭാവികമായും അവർ പഠിക്കുന്ന സാഹചര്യമുണ്ടാകും. കേരളത്തിൽ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിൽ 30 ശതമാനത്തോളം സ്കൂളുകളിലും മൂന്നും നാലും ഭാഷകൾ പഠിപ്പിക്കുന്നുണ്ട്. ഭാഷാ ന്യൂനപക്ഷ സ്കൂളുകളിലും ഓറിയന്റൽ സ്കൂളുകളിലും സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിലും മൂന്ന് ഭാഷകൾ പഠിപ്പിക്കുന്നുണ്ട്. ഭാഷാ ന്യൂനപക്ഷ സ്കൂളുകളിൽ ഇപ്പോൾ മൂന്ന് ഭാഷ പഠിക്കുന്നതിൽ മാതൃഭാഷയുൾപ്പെട്ടിട്ടുണ്ടെങ്കിൽ മറ്റ് ഭാഷകൾ പഠിക്കുന്നതുപോലെ ആ ഭാഷയുംകൂടി പഠിക്കണം. മലയാളഭാഷ കൂടുതൽ ഉപയോഗിക്കാത്ത സ്കൂളുകളിൽ ഒന്നാം ക്ലാസ് മുതൽ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ മലയാള പാഠപുസ്തകം തയ്യാറാക്കി ലഭ്യമാക്കുന്നതാണ്. നിലവിലുള്ള അദ്ധ്യാപകരുടെ തൊഴിൽ നഷ്ടപ്പെടാതെതന്നെ വരുന്ന അദ്ധ്യയന വർഷം മുതൽ ഒന്നാം ക്ലാസ് മുതൽ ക്രമാനുഗതമായി മലയാളം പഠിപ്പിക്കണം. ഓറിയന്റൽ സ്കൂളിൽ അഞ്ചാം ക്ലാസ് മുതൽ ഭാഷാ പഠനം തുടങ്ങുന്നതിനാൽ ആദ്യമായി പഠിക്കത്തക്ക രീതിയിൽ മലയാള പാഠപുസ്തകം തയ്യാറാക്കി നൽകുകയും മലയാളം അദ്ധ്യാപകരില്ലാത്ത സ്കൂളുകളിൽ ആവശ്യമെങ്കിൽ അദ്ധ്യാപക തസ്തിക സൃഷ്ടിച്ച് മലയാളം

പഠിപ്പിക്കുന്നതിനുള്ള സൗകര്യം സർക്കാർ ചെയ്തുകൊടുക്കുന്നതാണ്. സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിൽ ഒന്നു മുതൽ എട്ടാംതരം വരെ ത്രിഭാഷാ പഠനത്തിൽ മലയാളവും ഉൾപ്പെടുന്നുണ്ട്. 9, 10 ക്ലാസുകളിൽ ദ്വിഭാഷ സിസ്റ്റമായതിനാൽ പത്താംതരംവരെ മലയാളം പഠിക്കണമെന്നുള്ളത് പ്രാവർത്തികമാക്കുന്നതിന് മറ്റൊരു പാഠപുസ്തകം തയ്യാറാക്കി നൽകുന്നതാണ്. സി.ബി.എസ്.ഇ.-യുടെ ഒരു നിയമത്തിലും ഇടപെടാതെ കേരളത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എല്ലാ സ്കൂളുകളിലും മലയാള ഭാഷാപഠനം പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള നിരാക്ഷേപ പത്രമാണ് കൊടുക്കാൻ പോകുന്നത്. ഭരണഘടനയുടെ 350 (എ) പ്രകാരം ഭാഷാ ന്യൂനപക്ഷങ്ങൾ ഏത് ഭാഷയിലാണോ പഠിക്കുന്നത് അത് പരിപൂർണ്ണമായും സംരക്ഷിച്ചുകൊണ്ടുമാത്രമേ ഈ നിയമം നടപ്പാക്കുകയുള്ളൂ. നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന ഭാഷയോടൊപ്പം മലയാളഭാഷ കൂടി പഠിക്കണമെന്നാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ മലയാള ഭാഷ

(നിർബന്ധിത ഭാഷ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പരിഗണനയ്ക്കെടുക്കുകയും ചെയ്തു.

രണ്ടാം വകുപ്പ്

149, 150,151, 152, 153, 154, 155, 156, 158, 159, 160, 161, 162, 163, 164, 165, 166, 167, 168, 169 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

157. ഖണ്ഡം 2(1)(ബി)യിൽ "അൺ എയ്ഡഡ്, സ്കൂളുകൾ" എന്നതിനു പകരം "അൺ-എയ്ഡഡ് സ്കൂളുകൾ" എന്ന് ചേർക്കുക.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

156. ഖണ്ഡം 2(1)(ബി)-യിൽ "എല്ലാ" എന്ന വാക്ക് ഒഴിവാക്കുക.

159. ഖണ്ഡം 2(1)(ബി)-യിൽ "ബോർഡുകളുമായി" എന്നതിനു പകരം "ബോർഡുകളിലേതെങ്കിലുമായി" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി 31-ന് എതിരെ 64 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റുഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതിചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

170, 171, 172, 173,174, 175,176, 177, 178, 179, 180, 182, 183, 184, 185, 186, 187, 188, 189, 190, 192, 193, 194, 195, 196, 197, 198, 200, 201, 202, 203, 205, 206, 207, 210, 212, 213, 214, 215, 216, 217, 218, 219, 220, 221, 222, 223, 224 ,225, 226, 227, 228, 229, 231, 232, 233, 234, 235, 236, 238, 239, 240, 241, 242, 243, 244, 245, 246, 247, 248, 249, 250, 252, 253, 254, 256, 257, 258, 259, 260, 263, 264, 265, 266, 267, 268, 269, 270, 271, 272, 273, 275, 276, 277, 278, 279, 280, 281, 282, 283, 284 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

190. ഖണ്ഡം 3 (1)-ൽ ക്ലിപ്ത നിബന്ധനയിൽ "അനുസരിച്ച്" എന്നത് "പ്രകാരം" എന്ന് മാറ്റുക.

192. ഖണ്ഡം 3 (1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ഭാഷന്യൂനപക്ഷ" എന്ന വാക്കിനു പകരം "ഭാഷാ ന്യൂനപക്ഷ" എന്ന് ചേർക്കുക.

234. ഖണ്ഡം3(3)-ൽ "പ്രചാരണങ്ങളോ" എന്ന വാക്കിനു ശേഷമുള്ള "സ്കൂളുകളിൽ" എന്ന വാക്ക് ഒഴിവാക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 193-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 201-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 171, 278 എന്നീ നമ്പർ ഭേദഗതികളും 31 -നെതിരെ 64 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി മന്ത്രി അവതരിപ്പിച്ചു.

285. ഖണ്ഡം 4(4) -ൽ "നിർണ്ണയിക്കാവുന്ന രീതിയിൽ" എന്ന വാക്കിന് ശേഷം

"സർക്കാരിന്" എന്ന വാക്കും, "അംഗീകാരം റദ്ദാക്കുന്നതും" എന്ന വാക്കുകൾക്കു പകരം "അംഗീകാരം റദ്ദാക്കുകയും" എന്ന വാക്കുകളും; "ചെയ്യേണ്ടതാണ്" എന്ന വാക്കിനു പകരം "ചെയ്യാവുന്നതാണ്" എന്ന വാക്കും ചേർക്കുക.

286, 287, 288, 289, 291, 292, 294, 295, 298, 300, 301, 302, 303, 305, 306, 307, 310, 311, 312, 313, 314, 315, 316, 317, 318, 319, 320, 321, 322, 323, 324, 325, 326, 327, 330, 331 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി 287,314 എന്നീ നമ്പർ ഭേദഗതികളും 323-ാം നമ്പർ ഭേദഗതി ഭേദഗതികളോടെയും സ്വീകരിച്ചു.

287. ഖണ്ഡം 4(1)-ൽ "(2)-ഉം (3)-ഉം ഉപവകുപ്പുകളിലെ" എന്നതിനു പകരം "(2)-ാം ഉപവകുപ്പിലെയോ (3)-ാം ഉപവകുപ്പിലെയോ" എന്ന് ചേർക്കുക.

314. ഖണ്ഡം 4(3)-ൽ "കിട്ടി 30 ദിവസത്തിനുള്ളിൽ" എന്ന വാക്കുകൾക്ക് ശേഷം "പൊതു" എന്ന വാക്ക് ചേർക്കുക.

323. ഖണ്ഡം 4(4)-ൽ "(1)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള മൂന്ന് ലംഘനങ്ങളുണ്ടാകുന്ന പക്ഷം" എന്നതിനുപകരം " 3-ാം വകുപ്പിന്റെ

2-ാം ഉപവകുപ്പിലെയോ 3-ാം ഉപവകുപ്പിലെയോ" 'വ്യവസ്ഥകളുടെ ലംഘനം മൂന്ന് തവണ ഉണ്ടാകുന്ന പക്ഷം" എന്നുചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാല് (എ) വകുപ്പ്</u>

332,334,335,336 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

334. ഖണ്ഡം "4(a)" എന്നത് "5" എന്ന് മാറ്റുകയും ശേഷിക്കുന്നവ ആയത് പ്രകാരം പുനരക്കം ചെയ്യുകയും ചെയ്യുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാല് (എ) വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാല് (എ) വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

337, 338, 339, 340 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

341, 342, 344 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

345, 346 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

105, 106, 108, 109, 110, 111, 112, 115, 116, 118, 119, 120, 121, 123, 124, 125, 127, 129, 132, 133, 134, 135, 136, 138, 140, 141, 142, 143, 144, 145, 147, 148 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

134. നിയമപ്രഖ്യാപന വാക്യത്തിലെ "ഇനിപ്പറയും" എന്നത് " ഇനി പറയും" എന്ന് മാറ്റുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി 31-നെതിരെ 64 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ

ഭാഗമായി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): മലയാള ഭാഷാ പഠനം വ്യാപകമാക്കാനും സാർവ്വത്രികമാക്കാനും ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. സംസ്ഥാനത്തെ കുട്ടികൾക്ക് മലയാള ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മലയാള ഭാഷയെ ശ്രേഷ്ഠഭാഷയായി അംഗീകരിക്കുകയും മലയാള സർവ്വകലാശാല സ്ഥാപിക്കാനുള്ള ശ്രമം നടത്തുകയും അതിപ്പോൾ പ്രാവർത്തികമാകുകയും ചെയ്തിരിക്കുന്നു. ഈ ബില്ലിനെ എല്ലാവരും സ്വാഗതം ചെയ്യുന്നു. ഭാഷാ പഠനം നിർബന്ധിതമാക്കുന്നുവെന്നുള്ളത് ശരിയാണോ എന്നും ഭാഷാന്യൂനപക്ഷങ്ങളുടെ ആശങ്കകൾ പരിഹരിക്കണമെന്നുമുള്ള രണ്ട് പോയിന്റുകൾ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബില്ലിന്റെ പേര് മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ എന്നതിലെ (നിർബന്ധിത) മാറ്റി (പഠന) എന്നാക്കുകയാണെങ്കിൽ

പീഠികയിലും ശീർഷകത്തിലും ആ പേരുതന്നെ വരണം. ഹെഡ്ഡിംഗ് ഒന്നും പീഠികയും ശീർഷകവും മറ്റൊന്നുമാകരുത്.

പ്രൊഫ. സി. രവീന്ദ്രനാഥ്: ഭാഷാന്യൂനപക്ഷങ്ങളുടെ ഇപ്പോഴുള്ള അവകാശങ്ങളിലൊന്നും മാറ്റം വരുത്തുന്നില്ല. അവർ പഠിക്കുന്ന ഭാഷയിൽ അവരുടെ മീഡിയം ഏതാണോ അതേ മീഡിയം തന്നെ നിലനിൽക്കും. നിയമസഭയിൽ അവതരിപ്പിച്ച ബില്ലിന്റെ പേര് മാറ്റാറില്ല. ആക്ട് മാറുമ്പോൾ സ്വാഭാവികമായും ശീർഷകവും മാറുന്നതാണ്. ഈ ആക്ടിന്റെ പേര് മലയാള ഭാഷാ (പഠന) ആക്ട് എന്നാണ്.

2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ വൈകുന്നേരം 6.45-ന് പിരിഞ്ഞു.

*****